**നം.കെ.എസ്.എ.പി.റ്റി.എ.പി. / /2016 തീയതി: .11.2016 <u>പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)</u>**

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ<br><br>പേരും ഉദ്യോഗപ്പേരും* | ശ്രീ. ഹബീബ് മുഹമ്മദ്,<br><br>ഡെപ്യൂട്ടി ഡയറക്ടർ |
| *ഓഡിറ്റ് സരട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം* | |

## <u>ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ</u>

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 21.6.16 മുതൽ 21.10.16വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 24അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

## <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| ***ഓഡിറ്റിന് വിനിയോഗിച്ച സമയം*** | ***ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം*** |
|---|---|
| | |

| | |
|---|---|
| 22.10.2016 മുതൽ<br>3.11.2016 വരെ | ശ്രീ. ജോർജ്ജ് പി മാത്യു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഹരികുമാർ. ബി.സീനിയർ ഗ്രേഡ് ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

### പ്രസിഡണ്ട്

| | |
|---|---|
| അഡ്വ. റ്റി കെ രാമചന്ദ്രൻ നായർ | 1.4.2015മുതൽ 31.10.2015 വരെ |
| ഭരണനിർവ്വഹണ സമിതി | 1.11.2015 മുതൽ 10.11.2015 വരെ |
| ശ്രീമതി എൽസി | 11.11.2015 മുതൽ 31.3.2016 വരെ |

### സെക്രട്ടറി

| | |
|---|---|
| ശ്രീ. മധുസൂദന പണിക്കർ | 1.4.2015 മുതൽ 30.9.2015 വരെ |
| ശ്രീ. പി കെ ജയൻ | 1.10.2015 മുതൽ 16.12.2015 വരെ |
| ശ്രീ. ശിവജി പിള്ള | 17.12.2015 മുതൽ 30.1.2016 FNവരെ |
| ശ്രീ. പി കെ ജയൻ | 30.1.2016 FN മുതൽ 7.2.2016 വരെ |
| ശ്രീ. പി ജെ രാജേഷ് കുമാർ | 8.2.2016 മുതൽ 31.3.2016 വരെ |

### മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| **കൃഷി ഓഫീസർ** | |
| ശ്രീ. അജയകുമാർ | 1.4.2015-31.3.2016 |
| **മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)** | |
| ഡോ. രാജേഷ് വി | 1.4.2015-31.3.2016 |
| ഡോ. ജേക്കബ് ജോൺ | 1.6.2015-31.3.2016 |

| | |
|---|---|
| **മെഡിക്കൽ ഓഫീസർ (ഹോമിയോ)** | |
| ഡോ. രാധാകൃഷ്ണൻ പി ആർ | 1.4.2015-31.3.2016 |
| **അസിസ്റ്റന്റ് എഞ്ചിനീയർ** | |
| ശ്രീ.പി സി രാഘവൻ | 1.4.2015-18.6.2015 FN |
| **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ** | |
| ശ്രീ. രജിത്ത് യു ആർ | 1.4.2015-29.10.2015 |
| ശ്രീ. ജിജേഷ് വി സി | 30.10.2015-24.2.2016 |
| ശ്രീ. ഫിന്നി കെ രാജു | 25.2.2016-31.3.2016 |
| **വെറ്ററിനറി സർജൻ** | |
| ഡോ. ചിത്ര | 1.4.2015-31.3.2016 |
| **ഐ.സി.ഡി.എസ് സൂപ്പർവൈസർ** | |
| ശ്രീമതി സൂസൻ മേരി എ കെ | 1.4.2015-31.3.2016 |
| **മെഡിക്കൽ ഓഫീസർ (ആയ്യുർവ്വേദം)** | |
| ഡോ. ലിയോ റാണി | 1.4.2015-31.7.2015 |
| ഡോ. ധന്യ | 1.8.2015-27.12.2015 |
| ഡോ. മഞ്ചു | 28.12.2015-31.3.2016 |

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

### ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

### ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

### ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

## ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

## അനുബന്ധം

1. ബാലൻസ് ഷീറ്റ്- 2015-16
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2015-16
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2015-16
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

## ഉള്ളടക്കം


| ക്രമ നം. | വിഷയം | *ഖണ്ഡിക നം.* |
|---|---|---|
| | **ഭാഗം-1** | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |

| | | |
|---|---|---|
| 8 | തനത് വരുമാനം | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | **ഭാഗം-2** | |
| 13 | സി.ബി.എസ്.ഇ.സ്കൂൾ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവ് ഈടാക്കുന്നു | 2-1 |
| 14 | തൊഴിൽ നികുതി പിരിവ്-അപാകതകൾ | 2-2 |
| 15 | അൺ-എയ്ഡഡ് സ്ക്കൂളുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-3 |
| 16 | രജിസ്ട്രേഷനില്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-4 |
| | **ഭാഗം-3** | |
| 17 | അംഗൻവാടി കെട്ടിട മെയിന്റനൻസ്- അപാകതകൾ | 3-1 |
| 18 | മരാമത്തു പ്രവൃത്തി- റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി | 3-2 |

| | | |
|---|---|---|
| 19 | റോഡ് പ്രവൃത്തി- പോട്ട് ഹോൾ ഫില്ലിംഗിന് അധിക നിരക്ക് അനുവദിച്ചു | 3-3 |
| 20 | പൊതുജനങ്ങൾക്ക് ടോയ് ലറ്റ്- നാളിതു വരെ പൂർത്തീകരിച്ചില്ല; ചെയ്യാത്ത പണികൾക്ക് തുക നൽകി | 3-4 |
| 21 | ഐവേലിപ്പടി പനയ്ക്കത്തടം റോഡ് റീടാറിംഗ്- അനുബന്ധ രേഖകൾ ഹാജരാക്കിയില്ല | 3-5 |
| 22 | വ്യാജബില്ലുകൾ ഹാജരാക്കി തുക കൈപ്പറ്റുന്നു | 3-6 |
| 23 | ഭിന്നശേഷിയുള്ളവർക്ക് ട്രൈ സ്കൂട്ടർ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-7 |
| 24 | അങ്കണവാടി പൂരക പോഷകാഹാര പദ്ധതി-സ്റ്റോക്ക് രജിസ്റ്റർ സംബന്ധിച്ച അപാകതകൾ | 3-8 |
| 25 | സമഗ്ര പുരയിട കൃഷിക്കായി പിൻവലിച്ച തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചത്-ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരികെ അടച്ചു | 3-9 |
| 26 | എം.എൻ ലക്ഷം വീട് കോളനി- തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല | 3-10 |
| 27 | തെരുവ് നായ്ക്കകൾക്ക് സ്റ്ററിലൈസേഷൻ- തുക വിനിയോഗിച്ചതിന്റെ രേഖയില്ല | 3-11 |

| | | |
|---|---|---|
| 28 | മീഡിയാശ്രീ- പദ്ധതി പ്രവർത്തനം നടത്തിയിട്ടില്ല | 3-12 |
| 29 | ഭവന നിർമ്മാണ പദ്ധതി- അടിയന്തിരമായി പൂർത്തീകരിക്കണം | 3-13 |
| 30 | എസ്.എസ്.എ പദ്ധതിയ്ക്ക് വർഷാ വർഷം തുക നൽകുന്നതിൽ പരിമിതപ്പെടുന്നു പഞ്ചായത്തിന്റെ ചുമതല | 3-14 |
| 31 | ചെലവിനാധാരമായ രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു | 3-15 |
| 321 | ഇ.എം.എസ് ഭവന പദ്ധതി- അപാകതകൾ | 3-16 |
| 33 | വിനിയോഗ രേഖയുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു | 3-17 |
| 34 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ- ചെലവിന് സുതാര്യതയില്ല | 3-18 |
| 35 | വെള്ളക്കരം അനിയന്ത്രിതമായി കൂടുന്നു- പഞ്ചായത്തിന് ബാദ്ധ്യത | 3-19 |
| 36 | മരംകൊള്ളിൽ എസ്.സി കോളനി എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റിന് എ.എം.സി - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-20 |
| 37 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - ചെലവ് നിയന്ത്രണത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-21 |

| | | |
|---|---|---|
| 38 | ആശ്രയ പദ്ധതി- അവലോകനം | 3-22 |
| | **ഭാഗം-4** | |
| 39 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 40 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 42 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2015-16വർഷത്തെ ബഡ്ജറ്റ് 25.3.2015-ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| *ഇനം* | *പ്രതീക്ഷിച്ചത്* (*ബഡ്ജറ്റ് പ്രകാരം*) | *യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം)* | *വ്യത്യാസം* | | *ശതമാനം* |
|---|---|---|---|---|---|
| | | | *കൂടുതൽ* | *കുറവ്* | *(+) / (-)* |
| മുന്നിരിപ്പ് | 4866224 | 10214357 | 5348113 | | 52%(+) |
| വരവ് | 68874265 | 24215136 | | 44659129 | 184%(-) |
| ആകെ | 73740509 | 34429493 | | 39311016 | 114%(-) |
| ചെലവ് | 68766265 | 31333293 | | 37432972 | 119%(-) |
| നീക്കിയിരിപ്പ് | 4974244 | 3096200 | | 1878044 | 61%(-) |

മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു.പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. മുൻ വർഷത്തെ ബഡ്ജറ്റ്, യഥാർത്ഥ വരവ് ചെലവ് കണക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് മാന്വൽ നിബന്ധനകൾക്ക് വിധേയമായി വരും വർഷങ്ങളിൽ ബഡ്ജറ്റ് തയ്യാറാക്കുവാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച മുറയ്ക്ക് ബജറ്റ് പുതുക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| *വർഷം* | *ധനകാര്യപത്രിക ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി (അപാകത പരിഹരിച്ച് ലഭ്യമാക്കിയത്)* |
|---|---|---|

| | | |
|---|---|---|
| 2015-16 | 15.5.2016 | 11.7.2016 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| *വർഷം* | *സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി* | *സർട്ടിഫിക്കറ്റിന്റെ വിശദാംശം* |
|---|---|---|
| 2015-16 | 26.10.2016 | വിശേഷണങ്ങളില്ലാത്തത് |

## 1-4 സാമ്പത്തിക വിശകലനം

| *ഇനം* | *2015-16* |
|---|---|
| മുന്നിരിപ്പ് | 10214357 |
| വരവ് | 24215136 |
| ആകെ | 34429493 |
| ചെലവ് | 31333293 |
| നീക്കിയിരിപ്പ് | 3096200 |

## 1-5 ഫണ്ട് വിനിയോഗം

| | | വരവ് | | | ചെലവ് | | | |
|---|---|---|---|---|---|---|---|---|
| *ഫണ്ടിനം* | *മുൻബാക്കി* | കൺസോളിഡേറ്റഡ് ഫണ്ട് | ട്രാൻസ്ഫർ ക്രെഡിറ്റ് | *ആകെ* | കൺസോളിഡേറ്റഡ് ഫണ്ട് | ട്രാൻസ്ഫർ ക്രെഡിറ്റ് | *ആകെ ചെലവ്* | *നീക്കിയിരിപ്പ്* |
| വികസനഫണ്ട് (പൊതുവിഭാഗം) | 1326547 | 5702225 | 1794098 | 8822870 | 7028772 | 1794098 | 8822870 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 690000 | 1070725 | - | 1760725 | 1230725 | 530000 | 1760725 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 17000 | - | - | 17000 | - | 17000 | 17000 | 0 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 248486 | 4339812 | - | 4588298 | 4588298 | - | 4588298 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 1097729 | 1172044 | - | 2269773 | 2269773 | - | 2269773 | 0 |
| 13th CFCഗ്രാന്റ് | 896450 | 3802190 | - | 4698640 | 3481537 | 1217103 | 4698640 | 0 |
| ലോക ബാങ്ക് ധനസഹായം | 1776000 | 20340 | - | 1796340 | 1766345 | 29995 | 1796340 | 0 |

## 1-6 പദ്ധതി അവലോകന വിവരങ്ങൾ

### (എ) <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| *വർഷം* | *അംഗീകാരം ലഭിച്ചത്* | *അടങ്കൽ* | *നടപ്പാക്കിയത്* | *ഭാഗികമായി നടപ്പാക്കിയത്* | *ചെലവഴിച്ച തുക* | *നടപ്പാക്കാത്തവ* | *പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം* |
|---|---|---|---|---|---|---|---|
| 2015-16 | 105 | 32231100 | 81 | - | 21126430 | 24 | 77.14% |

### ബി) <u>പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ</u>

ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ പദ്ധതി രൂപീകരണത്തിൽ നിർണ്ണായകമായ പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല.
2. ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിനു പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവച്ച് താരതമ്യേന ചെറുതും, ഫലപ്രാപ്തി

കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു.

3. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം, റോഡുകളെ ചെറിയ കഷണങ്ങളാക്കി മുറിച്ച് ചെറിയ നീളം കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.

4. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല. സാമ്പത്തിക വർഷത്തിന്റെ അന്ത്യംവരെ പദ്ധതി പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് നിർമ്മാണ പ്രവർത്തികൾ വലിച്ചിഴയ്ക്കുകയും, അവസാന നാളുകളിൽ പദ്ധതിപ്പണം തിരക്കിട്ട് ചെലവഴിച്ചു തീർക്കുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു.

5. തൻവർഷം എല്ലാ മരാമത്തുപ്രവൃത്തികളും ഗുണഭോക്തൃസമിതികൾ മുഖേനയാണ് നിർവ്വഹിച്ചിരിക്കുന്നത്. ടെണ്ടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ടെണ്ടർ മുഖേന പ്രവൃത്തികൾ നിർവ്വഹിച്ചിരുന്നുവെങ്കിൽ മത്സരാധിഷ്ഠിത ടെണ്ടറുകളിലൂടെ എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കിൽ കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാനുള്ള സാധ്യതയുണ്ടായിരുന്നു. ആയതിലൂടെ പദ്ധതിപ്പണം ലാഭിക്കാമായിരുന്നു എന്നു മാത്രമല്ല, ടെണ്ടർ ഫോറം വിൽപ്പന, ഇ.എം.ഡി, സെക്യൂരിറ്റി എന്നീയിനങ്ങളിൽ പഞ്ചായത്തിന് വരുമാനവും ഉണ്ടാകുമായിരുന്നു.

6. വാർഷിക പദ്ധതിയിൽ എല്ലാ മേഖലകൾക്കും അർഹമായ പരിഗണന ലഭിക്കുന്നില്ല. ഉദാ: കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, എന്നീ അടിസ്ഥാന മേഖലകൾക്ക് വാർഷിക പദ്ധതിയിൽ മതിയായ തുക വകയിരുത്തുന്നില്ല (തൻവർഷ വകയിരുത്തൽ ശതമാന കണക്കിൽ - കൃഷി -0.6% , ആരോഗ്യം - 3.2% , വിദ്യാഭ്യാസം - 0.3% ).

7. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. തൻവർഷം ആവിഷ്കരിച്ച 111.04 ലക്ഷം രൂപ അടങ്കലുള്ള പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

8. എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

9. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.

10. മരാമത്ത് പ്രവൃത്തികളുടെ സംഗതിയിൽ പ്രവൃത്തി സ്ഥലത്ത് വിശദമായി വിവരങ്ങൾ അടങ്ങിയ (പ്രവൃത്തിയുടെ പേര്, കരാറുകാരൻ, അടങ്കൽ, പൂർത്തിയാക്കുന്ന തീയതി മുതലായവ) ബോർഡ് പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

11. അങ്കണവാടികളിൽനിന്നു് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഗ്രാമസഭാ അംഗങ്ങളിൽനിന്നും പൊതു സമ്മതരായ 5 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

12. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ (പ്രത്യേക ഘടക പദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി, വനിതാ ഘടക പദ്ധതി, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവർക്കുള്ള പ്രത്യേക പദ്ധതി മുതലായവ) അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനുമുള്ള ആത്മാർത്ഥ ശ്രമം ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്റ്റുകൾ* | | *നടപ്പാക്കിയ പ്രോജക്റ്റുകൾ* | | |
|---|---|---|---|---|---|
| | *എണ്ണം* | *അടങ്കൽ തുക* | *എണ്ണം* | *ചെലവ് തുക* | *ചെലവ് ശതമാനം* |
| ഉല്പാദനം | 7 | 495000 | 7 | 494584 | 99.91 |
| സേവനം | 45 | 14269767 | 34 | 9652113 | 67.64 |
| പശ്ചാത്തലം | 53 | 15374333 | 40 | 10979733 | 71.41 |
| ആകെ | 105 | 32231100 | 81 | 21126430 | 65.54 |

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പദ്ധതികൾ* | *നടപ്പാക്കിയ പദ്ധതികൾ* | *വകയിരുത്തിയ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 24 | 19 | 6273138 | 5142969 | 81.98 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 52 | 37 | 16327062 | 10667664 | 65.33 |
| വി.ഇ.ഒ | 12 | 8 | 6309000 | 2456000 | 40.66 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 4 | 687000 | 685680 | 99.8 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 200000 | 200000 | 100 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 1759900 | 1399533 | 79.52 |
| കൃഷി ഓഫീസർ | 2 | 2 | 200000 | 200000 | 100 |
| വെറ്ററിനറി സർജൻ | 3 | 3 | 325000 | 224584 | 69.1 |
| | **105** | **81** | **32231100** | **21126430** | **65.5** |

**നിർബന്ധിത വകയിരുത്തലുകളും ചെലവും**

| *പദ്ധതി* | *വകയിരുത്തൽ* | *ചെലവ്* |
|---|---|---|
| വനിതാ ഘടക പദ്ധതി | 1791900 | 1111000 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 750000 | 75000 |
| പാലിയേറ്റിവ് കെയർ | 417000 | 415680 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 408000 | - |
| പരിസ്ഥിതി സംരക്ഷണം | - | - |
| യുവജന വികസന പദ്ധതി | 250000 | - |

## 1-8 തനത് വരുമാനം

| *ഇനം* | *മുൻവർഷം* | *തൻവർഷം* | *വ്യത്യാസം* | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 2527043 | 1502261 | -1024782 | (-)20.74% |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 155017 | 278136 | 123119 | (-)31.79% |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 246919 | 356195 | 109276 | (+)5.87% |
| ആകെ | **2928979** | **2136592** | **(-)792387** | - |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| *ക്രമ നം.* | *പദ്ധതി* | *2015-16 ൽ ലഭിച്ച അപേക്ഷകൾ* | *നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ* | *നിരസിച്ചവ* | *കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം.* |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 7 | 7 | - | - |
| 2 | തൊഴിൽ രഹിത വേതനം | - | - | - | - |
| 3 | വിധവാ പെൻഷൻ | 49 | 49 | 1 | - |
| 4 | വികലാംഗ പെൻഷൻ | 7 | 7 | - | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 1 | - | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 114 | 114 | - | - |

## 1-9 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ക്ഷേമപദ്ധതിയുടെ പേര്* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവഴിച്ച തുക* |
|---|---|---|

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 97 | 720240/- |
| വിധവാ പെൻഷൻ | 429 | 3763600/- |
| വാർദ്ധക്യകാല പെൻഷൻ | 862 | 3644520/- |
| വികലാംഗ പെൻഷൻ | 111 | 975560/- |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 15 | 140000/- |
| തൊഴിൽ രഹിത വേതനം | 24 | 84000/- |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.10.2016 രാവിലെ 11.30-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 5181/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2016-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 538/- (അഞ്ചൂറ്റി മുപ്പത്തിയെട്ട്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.10.16-20.10.16 | 8/2016-9/2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.2.14-3.3.14 | 2008-09 – 2012-13 | 3.5.2014 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സി.ബി.എസ്.ഇ.സ്കൂൾ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവ് ഈടാക്കുന്നു

2015-16 ഓഡിറ്റ് വർഷം സി.ബി.എസ്.ഇ. അഫിലിയേഷനോടു കൂടി ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിച്ചിരുന്ന സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതിയീടാക്കിയപ്പോഴും കുറവ് വന്നിട്ടുണ്ട്. 1988ലെ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യുക്കേഷന്റെ (സി.ബി.എസ്.ഇ) അഫിലിയേഷൻ പ്രകാരം ഇന്ത്യയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പള സ്കെയിലിലെ വേതനവും, ആനുകൂല്യങ്ങളും നൽകണമെ ന്നാണ്. [*അഫിലിയേഷൻ ബൈലോയിലെ ഖണ്ഡിക 3(v)കാണുക*]. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിച്ചിരുന്ന കാർമൽ കോൺവെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ തടിയൂർ, ഗുഡ് ഷെപ്പേഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ കുറിയന്നൂർ എന്നീ സ്ഥാപനങ്ങളിലെ മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ വേതന വിവരങ്ങൾ പരിശോധിച്ചതിൽ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല സർക്കാർ നിർദ്ദേശിച്ച നിരക്കിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും സ്കൂളിലെ ജീവനക്കാർക്ക് നൽകിയി ട്ടുള്ളത്. ആയത് മൂലം തൊഴിൽനികുതിയിനത്തിൽ കുറവ് വന്നത് പഞ്ചായത്ത് ഫണ്ടിനും നഷ്ടം വരുത്തിയിട്ടുണ്ട്. സ്കൂൾ മേധാവികൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുന്നുണ്ടോ എന്നും, രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോ എന്നും തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തിയിട്ടുമില്ല.

മേൽ വിവരിച്ച ബൈലോയിലെ ഖണ്ഡിക നം. 8(5) പ്രകാരം ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങൾ എല്ലാ 5വർഷവും കൂടുമ്പോൾ സാക്ഷ്യപ്പെടുത്തി നൽകേണ്ടത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ഖണ്ഡിക 13(3) പ്രകാരം ഏതൊരു സംസ്ഥാന/കേന്ദ്ര/ലോക്കൽ അതോറിറ്റി ആവശ്യപ്പെടുന്ന വിവരങ്ങളും സമയ പരിധിക്കുള്ളിൽ നൽകാൻ സ്കൂൾ അധികാരികൾ ബാധ്യസ്ഥരാണ്. പഞ്ചായത്തിൽ നിന്നും സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകി ജീവനക്കാരുടെ വിവരങ്ങൾ നൽകാൻ ആവശ്യപ്പെട്ടിട്ടും പ്രസ്തുത വിവരങ്ങൾ നൽകാതിരിക്കുന്നത് നിയമ ലംഘനമാണ്.

സി.ബി.എസ്.ഇ. സ്കൂളുകളിൽ നിന്നും ആവശ്യമായ എല്ലാ വിവരങ്ങളുമടങ്ങിയ റിട്ടേണുകൾ വാങ്ങി, ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും, റിട്ടേണുകളുടെ കൃത്യത പരിശോധിക്കാതെ നികുതി ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി പിരിവ്-അപാകതകൾ

**(എ) <u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല</u>**

2015-16 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്ത കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| *ക്രമ നം.* | *കരാറുകാരന്റെ പേരും മേൽവിലാസവും* | *വർഷം* |
|---|---|---|
| 1 | ശ്രീ. ജെ.ചാണ്ടി, തുണ്ടുമണ്ണിൽ, വരയന്നൂർ.പി.ഒ | 2015-16 I&II |
| 2 | ശ്രീ.മോഹൻകുമാർ, ഇടയാറ്റ് ഹൗസ്, കുറിയന്നൂർ | 2015-16 I&II |
| 3 | ശ്രീ.ജോസഫ് തോമസ്, കൊടിയൂർ, പുല്ലാട് | 2015-16 I&II |
| 4 | ശ്രീ.ഷൈജു.പി.ബി, പ്ലാന്തോട്ടത്തിൽ, നെല്ലിമല | 2015-16 I&II |
| 5 | പ്രസാദ്.എ, കൊച്ചുമാമ്മൂട്ടിൽ, | 2015-16 I&II |

| | | |
|---|---|---|
| 6 | അനീഷ് സക്കറിയ, കടയേക്കത്ത്, തോട്ടമണ്‍, ചുമത്ര | 2015-16 I&II |
| 7 | കെ.ഒ.കുര്യാക്കോസ്, കണ്ണാകുഴിയില്‍, ഇരവിപേരൂര്‍ | 2015-16 I&II |

മേല്‍ സൂചിപ്പിച്ച കരാറുകാരില്‍ നിന്ന് തൊഴില്‍ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടില്‍ ഒടുക്കുവരുത്തിക്കാന്‍ അടിയന്തിരശ്രമം പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

**(ബി) <u>വിവധ സ്ഥാപനങ്ങളിലെ സ്ഥിര ജീവനക്കാരില്‍ നിന്നും തൊഴില്‍ നികുതി ഈടാക്കുന്നില്ല</u>**

ഓഡിറ്റ് വര്‍ഷം ഡി&ഓ ലൈസന്‍സ് എടുക്കുന്നതിനായി സമര്‍പ്പിച്ചിട്ടുള്ള അപേക്ഷകള്‍ പരിശോധിച്ചതില്‍ ഏതാനും സ്ഥാപനങ്ങളില്‍ ഒന്നിലധികം സ്ഥിരം തൊഴിലാളികളെ നിയമിച്ചിട്ടുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാല്‍ ഇവരില്‍നിന്നും തൊഴില്‍ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ചില ഉദാഹരണങ്ങള്‍ ചുവടെ ചേര്‍ക്കുന്നു.

| *ക്രമ നം.* | *സ്ഥാപന ഉടമയുടെ പേര്* | *വ്യാപാര സ്ഥാപനം* | *തൊഴിലാളികളുടെ എണ്ണം* |
|---|---|---|---|
| 1 | പി.സി.ജോര്‍ജ്, | യൂണിവേഴ്സല്‍ എന്‍ജിനീയറിംഗ് വര്‍ക്സ് | 2 |
| 2 | കല്യാണ്‍ ജുവലേഴ്സ് | കല്യാണ്‍ മിനി സ്റ്റോര്‍ | 4 |
| 3 | പി.സി.ജോണ്‍ | അശ്വതി ഇന്‍ഡസ്ട്രീസ് | 3 |
| 4 | ജോണ്‍സണ്‍ | പെരിയാര്‍ ഫെര്‍ട്ടിലൈസേഴ്സ് | 3 |

| | | | |
|---|---|---|---|
| 5 | കെ.സി.സാമുവേൽ | ഏഷ്യൻ കേബിൾ ഇൻഡസ്ട്രീസ് | 4 |
| 6 | സി.എസ്.ജോർജ്, | സാംസൺ ഇൻഡസ്ട്രീസ് | 7 |
| 8 | ജോസ് മാത്യു | ലീ പാലസ് ഹോട്ടൽ | 5 |

തൊഴിൽ നികുതി പിരിവിലുണ്ടായിട്ടുള്ള മേൽപറഞ്ഞ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 അൺ-എയ്ഡഡ് സ്ക്കൂളുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

12.04.2012ലെ 49590/ആർ.സി 2/2011 സർക്കുലർ പ്രകാരം 14.01.11 മുതൽ അൺ -എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾക്ക് വസ്തുനികുതി ബാധകമാക്കിയിട്ടുണ്ട്. എന്നാൽ ഇതു പ്രകാരമുള്ള വസ്തുനികുതി ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കാർമൽ കോൺവെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ തടിയൂർ, ഗുഡ് ഷെപ്പേഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ കുറിയന്നൂർ എന്നീ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ ഭരണസമിതി, സെക്രട്ടറി എന്നിവർ മുൻകൈ എടുത്ത് തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിയ്ക്കേണ്ടതാണ്.

## 2-4 രജിസ്ട്രേഷനില്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പുത്തൂരാൻസ് എൈ-ക്ലിനിക്ക്, എ.എം.എം ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങൾ ഓഡിറ്റ് വർഷം പഞ്ചായത്ത് രാജ്, രജിസ്ട്രേഷൻ ഓഫ് പ്രൈവറ്റ് ഹോസ്പിറ്റൽസ് ആൻഡ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് റൂൾസ് 1997 പ്രകാരം രജിസ്ട്രേഷനെടുക്കാതെയാണ് പ്രവർത്തിക്കുന്നത്. ടി സ്ഥാപനങ്ങളിൽ നിന്നും ഫാറം 4-ൽ രജിസ്ട്രേഷൻ ആപ്ലിക്കേഷൻ വാങ്ങി മേൽ ചട്ടം അനുശാസിക്കും പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് സെക്രട്ടറിയോ അദ്ദേഹം നിയോഗിക്കുന്ന ഉദ്യോഗസ്ഥനോ നേരിട്ട് പരിശോധിച്ചുറപ്പുവരുത്തി നിയമാനുസൃതമായ ഫീസ് ഈടാക്കി രജിസ്ട്രേഷൻ നൽകേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അംഗൻവാടി കെട്ടിട മെയിന്റനൻസ്- അപാകതകൾ

| | |
|---|---|
| പ്രോജക്ട് / നം | S.034/16 (S.075/15)- അംഗൻവാടി കെട്ടിട മെയിന്റനൻസ് (നം.87,88,89,90,91) |
| അടങ്കൽ തുക | രൂ.10,00,000 (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| കോൺട്രാക്ടർ | ജോസഫ് തോമസ്, കൊടിയൂർ |
| എം.ബുക്ക് നം | 27/14-15 |
| ബിൽ നം | 1. നം.30/15-16/30.1.16- രൂ.887460<br>2. നം.31/15-16/30.1.16- രൂ.86667 |

പ്രവൃത്തിയുടെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ പറയുന്നു.

1.അലുമിനിയം ഷീറ്റ് റൂഫിംഗിന് അധിക നിരക്ക് അനുവദിച്ചു

പ്രസ്തുത പ്രവൃത്തിയിൽ "Roofing with Aluminium Trafford Sheet" എന്നയിനത്തിന് അധിക നിരക്ക് അനുവദിച്ചതുമൂലം കരാറുകാരന് അധിക തുക നൽകുകയുണ്ടായി.

ഈയിനത്തിന് ഒബ്സർവ്ഡ് ഡാറ്റാ തയ്യാറാക്കി അനുവദിച്ചിരിക്കുന്ന നിരക്ക് 10252/10m$^2$ ആണ്.(കരാറുകാരന്റെ ലാഭവിഹിതം-10% + ഓവർഹെഡ് ചാർജ്-5% ഉൾപ്പെടെ). എന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച ഒബ്സർവ്ഡ് ഡേറ്റാ പ്രകാരമുള്ള നിരക്ക് 6894/10m$^2$ ആണ്. ആയതുപ്രകാരം, മാർക്കറ്റിൽ ലഭ്യമായതും 3m നീളവും 0.95m വീതിയും 0.46mm കനവുമുള്ള അലൂമിനിയം ഷീറ്റ് റൂഫിംഗിന് അനുവദിക്കാവുന്ന നിരക്കിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| Area of sheet with length 3m and breadth 0.95 m (26 guage, 0.46 mm thick)--- 3 X 0.95 | 2.85 m$^2$ |
| Weight of 1 sheet (with above specification) | 4.20 kg |

| | |
|---|---|
| Weight/$m^2$- =4.20/2.85 | 1.473 kg |
| 11.50 m2-Cost of 0.46mm Aluminium Trafford sheet (11.5X 1.473X @280/kg) | Rs. 4743.06 |
| Conveyance -16.939 kg @ 323/T | Rs. 5.47 |
| 22nos. GI Bolt- 0.733 kg/E @ 81/kg | Rs. 59.37 |
| 22nos. Washer- 22 nos @ 2/10 no | Rs. 4.40 |
| Carpenter-1.35 @ 500/E | Rs. 675.00 |
| Man – 1.35@ 377/E | Rs. 508.95 |
| Total | 5995/10$m^2$ |
| 10% CP + 5% Overhead charges | 899 |
| Total | **6895/10$m^2$** |

അധികം നൽകിയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| **ഇനം നം.** | **അളവ്, നിരക്ക്, നൽകിയ തുക** | **അനുവദിക്കാവുന്ന നിരക്ക്, തുക** | **അധികം നൽകിയ തുക** |
|---|---|---|---|
| അപ്പന്റിക്സ്-എ, ഇനം-4 | 171.02$m^2$@10174/10$m^2$<br>= 173995.75 | @6895/10$m^2$= 117918.19 | 56077.46 |

| | | | |
|---|---|---|---|
| അപ്പന്റിക്സ്-ബി, ഇനം-7 | 121.95m$^2$@10174/10m$^2$ = 124071.93 | @6895/10m$^2$= 84084.52 | 39987.41 |
| അപ്പന്റിക്സ്-സി, ഇനം-5 | 54.5m2@10174/10m$^2$ = 55448.30 | @6895/10m$^2$= 37572.30 | 17870.58 |
| **ആകെ** | | | **113935.42 അതായത് 113935 രൂപ** |

കരാറുകാരന് അധിക പ്രതിഫലം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം, തുക ഉത്തരവാദിയായ അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്.

2. VAT, IT എന്നിവ ഒടുക്കിയതിന്റെ ചെലാനുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. KCWWF തുക ഒടുക്കിയതിന്റെ കൈപ്പറ്റു രേഖകൾ ഫയലിലില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിൽ ഹാജരാക്കാൻ നിർദ്ദേശിച്ചു കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.10/28.10.16) രേഖകളും മറുപടിയും ഓഡിറ്റിൽ ലഭ്യമാക്കിയില്ല.
3. പ്രസ്തുത പ്രവൃത്തിയുടെ ഒരു ടെണ്ടർ മാത്രമേ ഫയലിലുള്ളൂ. റീടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ടെണ്ടർ അംഗീകരിച്ചതിന്റെ കമ്മറ്റി തീരുമാനത്തിന്റെ പകർപ്പും ഓഡിറ്റിൽ ലഭ്യമാക്കാൻ എൻക്വയറി നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല.

അപാകതകൾക്കുള്ള വിശദീകരണം ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 3-2 മരാമത്തു പ്രവൃത്തി- റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി

Public Works (H) Department-ന്റെ 17.4.13-ലെ GO(P) 36/2013/PWD- ഉത്തരവനുസരിച്ച് CPWD Data (DSR) പ്രകാരമാണ് ഗ്രാമപഞ്ചായത്തിൽ 2015-16വർഷം മരാമത്തു പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രതിഫലം നൽകിയിരിക്കുന്നത്. CPWD, Analysis of Rates-2014, Vol-I പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code : 4.1.3) Base rate 4753.29/ m3 ആണ് (കൺവീനർ പ്രവൃത്തികൾക്ക്). PWD ചീഫ് എഞ്ചിനീയറുടെ 15.12.14-ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 1.4.2014 മുതൽ ബാധകമായ കോസ്റ്റ് ഇൻറക്സ് 40.95% ആണ്. ആയതുപ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.66/m3 ആണ്(4753.29X1.4095). കോൺട്രാക്ടർമാർക്ക് 7704.61/m3 എന്ന നിരക്കും(CP+Overhead charge ഉൾപ്പെടെ). എന്നാൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിന്റെ നിരക്കിനു പകരം, തറ കോൺക്രീറ്റ് ചെയ്ത് നിരപ്പാക്കുന്നതിന്റെ നിരക്കാണ് നൽകിയിരിക്കുന്നത്.(Flooring; DSR Code: 11.7). അതായത്, 7058.78/m3 എന്ന നിരക്കാണ് കൺവീനർമാർക്ക് അനുവദിച്ചു നൽകിയത്. ആയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിവിധ പ്രവൃത്തികളിൽ അധികം ചെലവഴിച്ച താഴെ പറയുന്ന തുകകൾ നിരാകരിക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം./പേര്/ അടങ്കൽ തുക/ ഫണ്ട് | കൺവീനർ/എം.ബുക്ക് നം./ ബിൽ നം. തീയതി,തുക | കോൺക്രീറ്റിംഗിന്റെ അളവ്, | അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|

| | | | അനുവദിച്ച നിരക്ക്, തുക | (@6699.76/ m3- കൺവീനർക്ക്) | |
|---|---|---|---|---|---|
| 1 | S.50/16- വൈ.എം.സി.എ. കാവുങ്കൽ പടി റോഡ് കോൺക്രീറ്റിംഗ്. രൂ.437000 (ലോകബാങ്ക് സഹായം) | കെ.എ.അജന്ത ഭക്തൻ, കാവുങ്കൽ മഠം. എം.ബുക്ക് നം.1/15-16 ബിൽ നം.8/15-16/29.9.15 -രൂ.436851 | 23.013m3 @7058.78/m3 = 162443.70 | 154181.58 | 8262 |
| 2 | S.51/16- കുന്നത്തേത്തു പടി മുറ്റത്രപ്പടി (നെടിയകാലാ) റോഡ് കോൺക്രീറ്റിംഗ്. രൂ.303000 (ലോകബാങ്ക് സഹായം) | ഗോപാലകൃഷ്ണൻ നായർ, തോമ്പിൽ. എം.ബുക്ക് നം.7/15-16 ബിൽ നം.13/15-16/30.9.15-രൂ.293524 | 15.463m3 @7058.78/m3 = 109149.91 | 103598.39 | 5552 |
| 3 | S.52/16- പറപ്പാട്ട് കൊട്ടിയാനി പടി റോഡ് കോൺക്രീറ്റിംഗ്. രൂ.313800 (ലോകബാങ്ക് സഹായം) | റ്റി.ജെ.വർഗീസ്, തോപ്രത്തു വടക്കേതിൽ. എം.ബുക്ക് നം.2/15-16 ബിൽ നം.10/15-16/29.9.15-രൂ.313772 | 16.53m3 @7058.78/m3 = 116681.63 | 110747.03 | 5935 |
| 4 | S.53/16- എണ്ണിക്കാട്ട് പടി ചാമക്കാലാ പടി റോഡ് കോൺക്രീറ്റിംഗ്. രൂ.289000 (ലോകബാങ്ക് സഹായം) | പി.എം.മാത്യു, പാലോലിൽ. എം.ബുക്ക് നം.6/15-16 ബിൽ നം.14/15-16/30.9.15-രൂ.289000 | 15.225m3 @7058.78/m3 = 107469.92 | 102003.85 | 5466 |
| 5 | S.55/16- ചിറ്റേടത്തു പടി പൂവൻവാഴ പടി റോഡ് കോൺക്രീറ്റിംഗ്. | വൽസമ്മ ബാബു, പുതുപ്പറമ്പിൽ. എം.ബുക്ക് നം.10/15-16 | 21.75m3 @7058.78/m3 = 153528.46 | 145719.78 | 7809 |

| | | | | | |
|---|---|---|---|---|---|
| | രൂ.412860 (ലോകബാങ്ക് സഹായം) | ബിൽ നം.12/15-16/30.9.15- രൂ.412858 | | | |
| 6 | S.56/16- പീടികയിൽ പടി കൈതമംഗലത്ത് റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.132100 (വികസന ഫണ്ട്) | ജോൺസൺ.പി.ജെ,<br><br>പീടികയിൽ.<br><br>എം.ബുക്ക് നം.13/15-16<br><br>ബിൽ നം.19/15-16/11.12.15- രൂ.132099 | 7m3<br><br>@7058.78/m3<br><br>= 49411.46 | 46898.32 | 2513 |
| 7 | S.057/16- കാവുപറമ്പ് പ്രമാടത്തുപാറ റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.247720<br><br>(വികസനഫണ്ട്) | ബിനോയ് എബ്രഹാം,<br><br>ചേരാവള്ളിൽ.<br><br>എം.ബുക്ക് നം.11/15-16<br><br>ബിൽ നം.18/15-16/ 11.12.15- രൂ.247716 | 13.05m3<br><br>@7058.78/m3<br><br>= 92117.08 | 87431.87 | 4685 |
| 8. | S.67/16- വടക്കസ്ഥാനം കോളനി റോഡ് കോൺക്രീറ്റ് പുനരുദ്ധാരണം.<br><br>രൂ.136220 (മെയിന്റനൻസ് ഫണ്ട്) | മോഹൻ കുമാർ.ബി,<br><br>ഇടയാറ്റ്.(കോൺട്രാക്ടർ)<br><br>എം.ബുക്ക് നം.29/15-16<br><br>ബിൽ നം.44/15-16/26.3.16- രൂ.135353 | 13.50m3<br><br>@8117.59/m3<br><br>= 109587.46 | @7704.61/m3<br><br>=104012.24 | 5575 |
| 9 | S.92/16- എം.ജി. മോഹൻദാസ് റോഡ് കോൺക്രീറ്റ് മെയിന്റനൻസ്.<br><br>രൂ.87100 (മെയിന്റനൻസ് ഫണ്ട്) | ജസി രാജു, കോളത്ര.<br><br>എം.ബുക്ക് നം.12/15-16<br><br>ബിൽ നം.21/15-16/11.12.15- രൂ.86922 | 9.75m3<br><br>@7058.78/m3<br><br>= 68823.10 | 65322.66 | 3500 |
| 10 | S.93/16- പ്രമാടത്ത് പാറ കോൺക്രീറ്റ് മെയിന്റനൻസ്. | അനിൽ.റ്റി.മർക്കോസ്,<br><br>(വിലാസം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല)<br><br>എം.ബുക്ക് നം.20/15-16 | 30m3<br><br>@7058.78/m3<br><br>= 211763.40 | 200992.80 | 10771 |

| | | | | | |
|---|---|---|---|---|---|
| | രൂ.255500 (വികസന ഫണ്ട്) | ബിൽ നം.32/15-16/19.2.16- രൂ.255482 | | | |
| 11 | S.95/16- ചേന്നമല റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.450000 (വികസന ഫണ്ട്) | പ്രീതാ രാജേന്ദ്രൻ, ചേന്നമല.<br><br>എം.ബുക്ക് നം.15/15-16<br><br>ബിൽ നം.25/15-16/11.1.16- രൂ.448146 | 7.375m3<br><br>@7058.78/m3<br><br>= 52058.50 | 49410.73 | 2648 |
| 12 | S.102/16- എസ്.എൻ. ഡി.പി. റോഡ് കരിപ്പള്ളി റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.200000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | രാധാമണി.റ്റി.സി,<br><br>താഴത്തേ മൂലയിൽ.<br><br>എം.ബുക്ക് നം.5/15-16<br><br>ബിൽ നം.11/15-16/29.9.15- രൂ.199312 | 10.52m3<br><br>@7058.78/m3<br><br>= 74117.19 | 70481.48 | 3636 |
| 13 | S.103/16- മൂലയ്ക്കൽ പടി കടുവാക്കുഴി റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.79660(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)+ രൂ.20340(ലോകബാങ്ക് സഹായം) | ജോസഫ് തോമസ്,<br><br>കൊടിയൂർ(കോൺട്രാക്ടർ).<br><br>എം.ബുക്ക് നം.31/15-16<br><br>ബിൽ നം.46/15-16/30.3.16- രൂ.79506,<br><br>ബിൽ നം.47/15-16/30.3.16- രൂ.20340 | 4.69m3<br><br>@8391.73/m3<br><br>= 39357.21 | @7704.61/m3<br><br>=36134.62 | 3223 |
| 14 | S.104/16- നെല്ലിട കോളനി നടപ്പാത കോൺക്രീറ്റിംഗ്.<br><br>രൂ.50000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | സി.കെ.ജോസ്, ചരിവുകാലായിൽ.<br><br>എം.ബുക്ക് നം.10/15-16<br><br>ബിൽ നം.27/15-16/18.1.16- രൂ.49584 | 2.612m3<br><br>@7058.78/m3<br><br>= 18437.53 | 17499.77 | 938 |
| 15 | S.105/16- മ്യാലിൽ പടി അമ്പാട്ട് പടി റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.148445 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | റ്റി.റ്റി.ബേബി,<br><br>ആനിക്കാട് തുണ്ടിയിൽ.<br><br>എം.ബുക്ക് നം.4/15-16<br><br>ബിൽ നം.15/15-16/30.9.15- രൂ.147780 | 7.685m3<br><br>@7058.77/m3<br><br>= 54246.72 | 51487.66 | 2759 |

| | | | | | |
|---|---|---|---|---|---|
| 16 | S.54/16- കവുങ്കോട്ട് പടി ഐവേലിപ്പടി റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.206430 (വികസനഫണ്ട്) | അംബികാ മധു, കാവുങ്കോട്ട്<br><br>എം.ബുക്ക് നം.3/15-16<br><br>ബിൽ നം.7/15-16/23.9.15- രൂ.193244<br><br>ബിൽ നം.6/15-16/23.9.15- രൂ.13184 | 10.875m3<br><br>@7058.78/m3<br><br>= 76764.23 | 72859.89 | 3904 |
| 17 | S.58/16- വള്ളപ്പുര കടവ് തേകരക്കുന്ന് നടപ്പാത കോൺക്രീറ്റിംഗ്.<br><br>രൂ.100000 (വികസനഫണ്ട്) | രാജൻ.കെ.ബാബു, കാവുങ്കോട്ട്.<br><br>എം.ബുക്ക് നം.14/15-16<br><br>ബിൽ നം.17/15-16/11.12.15- രൂ.85419 | 4.50m3<br><br>@7058.78/m3<br><br>= 31764.51 | 30148.92 | 1616 |
| **ആകെ** | | | | | **78792** |

മേൽ പറഞ്ഞ പ്രകാരം അധികം നൽകിയ തുക ബന്ധപ്പെട്ട കൺവീനർ / കോൺട്രാക്ടർമാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുകകൾ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി നൽകിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 റോഡ് പ്രവൃത്തി- പോട്ട് ഹോൾ ഫില്ലിംഗിന് അധിക നിരക്ക് അനുവദിച്ചു

പൊതുമരാമത്ത് വകുപ്പിന്റെ 17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം ഗ്രാമ പഞ്ചായത്തിൽ CPWD Data (Central Public Works Department,Delhi Schedule Rate) പ്രാബല്യത്തിലാക്കിയിരുന്നു. ഇതു പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കരാറുകാർക്ക് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തിട്ടുള്ളത്. എന്നാൽ പോട്ട് ഹോൾ ഫില്ലിംഗിന് KSS 3.6.1.2 (Kerala Standard Specifications) പ്രകാരമുള്ള ഒബ്സർവ്വ്ഡ് ഡാറ്റാ തയ്യാറാക്കുകയും ഇതിൽ Delhi Schedule Rate വകയിരുത്തുകയും ചെയ്തു. ഇപ്രകാരം ഒബ്സർവ്വ്ഡ് ഡാറ്റാ കണക്കാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1.പോട്ട് ഹോൾ ഫില്ലിംഗിന് പവർ റോളറാണ് ഉപയോഗിക്കേണ്ടത്. ഇതിന് DSR പ്രകാരമുള്ള നിരക്ക് 1500/ദിവസം ആണ്. എന്നാൽ ഒബ്സർവ്വ്ഡ് ഡാറ്റായിൽ 3600/ദിവസം നിരക്കാണ് നൽകിയിരിക്കുന്നത്.

2.Pick up Auto വാടകയ്ക്ക് എടുക്കുന്നതിന് Market Rate ആയി 1500/Day നൽകിയിട്ടുണ്ട്. 0.09 Day ഉപയോഗിക്കുന്നതിനാണ് ഈ തുക നൽകിയിരിക്കുന്നത്. ഇതാകട്ടെ, KSS 3.6.1.2 പ്രകാരം Wheel barrow യ്ക്ക് നൽകേണ്ട വാടകയുടെ സമയമാണ്. Pick up Auto ഉപയോഗിക്കുമ്പോൾ ഇത്രയും സമയവും മനുഷ്യദിനവും ആവശ്യമില്ല.

PWD ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 01.04.2014 മുതൽ ബാധകമായ Cost Index 40.95% ആണ്. എം ക്യൂബിന് 4422രൂപ നിരക്കിലാണ് ഫൈനൽ ബിൽ തയ്യാറാക്കി കരാറുകാരനു തുക

നൽകിയിരിക്കുന്നത്. ആയത് അംഗീകരിക്കുന്നില്ല. Pot hole filling ന് നൽകാവുന്ന നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**Details of cost for 1 cu.m**

| Filling up pot holes cut and formed to regular shapes and all loose and defective materials removed) applying a priming coat of hotBitumen using 36 mm departmental broken stone and compacting with power roller to get a compact surface and applying hotBitumen by a pressure sprayer with all conveyance including the cost ofBitumen, oils, fuels, hire of brass brooms, camber board power roller and other machines watering, lighting, and other charges etc. as per specification (total usage ofBitumen is 27.50kg/m3) | | | | | | |
|---|---|---|---|---|---|---|
| DSR Code No | ഇനം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
| 1&7 | hire for boiler and sprayer | Day | 0.03 | 1130 | 33.90 | 33.90 |
| 55 | hire for roller | Day | 0.03 | 3600 | 108.00 | 45 |
| MR | Auto Pick up | Day | 0.09 | 1500 | 135 | 135 |
| 309 | Cost of bitumen | Tonne | 0.0275 | 50600 | 1391.50 | 1391.50 |
| 2211 | Conveyance of bitumen | Tonne | 0.0275 | 106.49 | 2.93 | 2.93 |
| 115 | Special Man mazdoor | Man Day | 1.75 | 329.00 | 575.75 | 575.75 |
| 114 | man | Man Day | 0.75 | 329.00 | 246.75 | 246.75 |
| | Women | Man Day | 0.75 | 329.00 | 246.75 | 246.75 |
| | Total | | | | 2740.58 | 2677.58 |
| | Market Rate | | | | 135.00 | 135.00 |
| | Add water charge for MR(1%) | | | | 1.35 | 1.35 |
| | Total A | | | | 136.35 | 136.35 |

| | | | | | | |
|---|---|---|---|---|---|---|
| | Total Excluding MR | | | | 2605.58 | 2542.58 |
| | Add Water charge Excluding MR(1%) | | | | 26.06 | 25.43 |
| | Total B | | | | 2631.63 | 2568.01 |
| | Total A + 1.4095* Total B | | | | 3845.64 | 3755.96 |
| | Add CP &OH(15%) | | | | 576.85 | 563.39 |
| | Total | | | | 4422.48/m3 | 4319.35 |

ഇത്തരത്തിൽ അധിക നിരക്ക് നൽകിയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയും ഭാഗത്തു നിന്നുണ്ടായ പിഴവാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/ പേര്/ ഫണ്ടിനം/ അടങ്കൽ | കരാറുകാരൻ, എം.ബുക്ക് നം., ബിൽ നം,തീയതി | ചെയ്ത അളവ് / നൽകിയ തുക. (@4422.48 /$m^3$) | നൽകേണ്ട തുക. (@4319.35/$m^3$) | നഷ്ടം |
|---|---|---|---|---|---|
| 1 | S.064/16- പെരുമ്പാറ അരുവിക്കുഴി റോഡ് റീടാറിംഗ്. രൂ.1627300 (മെയിന്റനൻസ് ഗ്രാന്റ്) | അനീഷ് സഖറിയ, കടക്കേത്ത്, തോട്ടമൺ. എം.ബുക്ക് നം.26/15-16 ബിൽ നം.43/15-16/26.3.16- രൂ.1284906 | 50.50$m^3$ രൂ.223335.24 (-)19.99%കുറവ് 44644.71= 178690.53 | 218127.18 (-)19.99%കുറവ് 43603.62 = 174523.56 | 4167 |

| | | | | | |
|---|---|---|---|---|---|
| 2 | S.100/16- ചള്ളക്കുഴി അരുവിക്കുഴി റോഡ് റീടാറിംഗ്.<br>രൂ.715656 (മെയിന്റനൻസ് ഗ്രാന്റ്) | അനീഷ് സഖറിയ, കടക്കേത്ത്.<br>എം.ബുക്ക് നം.27/15-16<br>ബിൽ നം.41/15-16/26.3.16- രൂ.572053 | 22.60$m^3$<br>രൂ.99948.05 (-)19.99%കുറവ് 19979.62 = 79968.43 | 97617.31 (-)19.99%കുറവ് 19513.70 =78103.61 | 1865 |
| 3 | S.063/16- ശാലേം പള്ളി മാവുങ്കൽ പടി റോഡ് റീടാറിംഗ്.<br>രൂ.542220 (മെയിന്റനൻസ് ഗ്രാന്റ്) | കെ.ഓ.കുര്യാക്കോസ്, കന്നാകുഴിയിൽ.<br>എം.ബുക്ക് നം.22/15-16<br>ബിൽ നം.39/15-16/15.3.16- രൂ.425586 | 16.80$m^3$<br>രൂ.74297.66 (-)21.51%കുറവ്<br>15981.43 = 58316.23 | 72565.08 (-)21.51%കുറവ് 15608.75 =56956.33 | 1360 |
| 4 | S.068/16- ഹൈസ്കൂൾ പടി അമ്പഴക്കുന്നേൽ റോഡ് റീടാറിംഗ്.<br>രൂ.920800 (മെയിന്റനൻസ് ഗ്രാന്റ്) | കെ.ഓ.കുര്യാക്കോസ്, കന്നാകുഴിയിൽ.<br>എം.ബുക്ക് നം.23/15-16<br>ബിൽ നം.38/15-16/15.3.16- രൂ.690619 | 28.60$m^3$<br>രൂ.126482.93 (-)24.99%കുറവ് 31608.08 =94874.85 | 123533.41 (-)24.99%കുറവ് 30870.99 =92662.42 | 2212 |
| 5 | S.061/16- സന്തോഷ് കടവ് തിരുവഞ്ചാം കാവ് റോഡ് റീടാറിംഗ്.<br>രൂ.509500 (മെയിന്റനൻസ് ഗ്രാന്റ്) | അനീഷ് സഖറിയ, കടക്കേത്ത്.<br>എം.ബുക്ക് നം.28/15-16<br>ബിൽ നം.42/15-16/26.3.16- രൂ.407628 | 15.80$m^3$<br>രൂ.69875.18 (-)19.99%കുറവ് 13968.05 =55907.13 | 68245.73 (-)19.99%കുറവ് 13642.32 =54603.41 | 1304 |

| | | | | | |
|---|---|---|---|---|---|
| 6 | S.065/16- തെക്കേൽ പടി മൈലാടുംപാറ പടി റോഡ് റീടാറിംഗ്.<br><br>രൂ.363000 (മെയിന്റനൻസ് ഗ്രാന്റ്) | ജെ.ചാണ്ടി, തുണ്ടുമണ്ണിൽ<br><br>എം.ബുക്ക് നം.21/15-16<br><br>ബിൽ നം.34/15-16/19.2.16- രൂ.361605 | $11.22m^3$<br><br>രൂ.49620.23 | 48463.11 | 1157 |
| ആകെ | | | | | 15008 |

അധികം നൽകിയ തുകകൾ ബന്ധപ്പട്ട കോൺട്രാക്റ്റർമാരിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്ന് ഈടാക്കി ഒടുക്കേണ്ടതാണ്.

കൂടാതെ, പിക്കപ്പ് ഓട്ടോ വാടകയ്ക്ക് എടുത്തതിന് വീൽ ബാരോയ്ക്ക് നൽകേണ്ട വാടക സമയവും ആനുപാതികമായ മനുഷ്യ ദിനവും കണക്കാക്കിയതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 3-4 പൊതുജനങ്ങൾക്ക് ടോയ് ലറ്റ്- നാളിതു വരെ പൂർത്തീകരിച്ചില്ല; ചെയ്യാത്ത പണികൾക്ക് തുക നൽകി

| | |
|---|---|
| പ്രൊജക്റ്റ് നം. പേര് | S.084/15 (SO.036/16)- പൊതുജനങ്ങൾക്ക് ടോയ് ലറ്റ് നിർമ്മാണം, ജനറേറ്റർ റും നിർമ്മാണം. |
| അടങ്കൽ തുക | രൂ.364081 (2014-15), രൂ.300556 (2015-16) |
| കരാറുകാരൻ | ജോസഫ് തോമസ്, കൊടിയൂർ |
| എം.ബുക്ക് നം. | 14/14-15 |
| ചെലവു വിവരം | 1. 2014-15-ലെ ബിൽ തീയതി 23.3.15- രൂ.63525<br><br>2. ചെക്ക് നം. 000285 / 6.8.15- രൂ.300000 |

പൊതുജനങ്ങൾക്ക് പ്രയോജനകരമായിട്ടില്ല

2014-15വർഷം 200000രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും 164081രൂപ മെയിന്റനൻസ് ഫണ്ടും വകയിരുത്തി ആവിഷ്ക്കരിച്ച പ്രസ്തുത പദ്ധതി പ്രകാരം 14-15വർഷം 63525രൂപ ചെലവഴിച്ചിരുന്നു(ധനകാര്യ കമ്മീഷൻ ഗ്രാന്റ്). എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ തുക നൽകിയിരുന്നില്ല. (26.12.14-ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി 16.3.15-ൽ പൂർത്തീകരിച്ചതായാണ് എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്). 2015-16 വർഷം പ്രൊജക്ട് റിവൈസ് ചെയ്ത് 300000രൂപ കേന്ദ്രാവിഷ്കൃത വിഹിതവും(RGPSA), 556രൂപ ധനകാര്യ കമ്മീഷൻ വിഹിതവും വകയിരുത്തി അംഗീകാരം വാങ്ങി ഫൈനൽ ബിൽ പ്രകാരം 300000രൂപ കൂടി ചെലവഴിച്ചു. ടോയ് ലറ്റ് നിർമ്മാണത്തിനാവശ്യമായ എല്ലായിനങ്ങളും ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നുള്ളത് തന്നെ പ്രാഥമിക അപാകതയാണ്. ടോയ് ലറ്റിന്റെ തറയിൽ ടൈൽസ് ഇടീൽ, ക്ലോസറ്റ്, ടാപ്പുകൾ മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്താതെയുള്ള എസ്റ്റിമേറ്റ്, ടോയ് ലറ്റിന്റെ പൂർത്തീകരണം ലക്ഷ്യമിട്ടുള്ളതായിരുന്നില്ല എന്ന് വ്യക്തമാണ്. ഇത്രയും തുക ചെലവഴിച്ചിട്ടും പൊതുജനങ്ങൾക്ക് യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല എന്നത് നിർവ്വഹണത്തിലെ പാളിച്ച വ്യക്തമാക്കുന്നു.

പ്രവൃത്തികൾ ചെയ്യാതെ കരാറുകാരന് തുക നൽകി

എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ പോലും പൂർണ്ണമായി ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയത് എന്നത് വളരെ ഗുരുതരമായ ക്രമക്കേടാണ്. എം.ബുക്കിലെ ഇനം നം. 23 മുതൽ 32 വരെയുള്ള പ്രവൃത്തികൾ പ്ലംബിംഗ് വർക്കുകൾ ആയിരുന്നു. എന്നാൽ ഇവ പൂർണ്ണമായി ചെയ്തിട്ടില്ല എന്ന് ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു.(3.11.16-ൽ നിലവിലുള്ള അസി.എഞ്ചിനീയറുടേയും ഓവർസിയറുടേയും സാന്നിദ്ധ്യത്തിൽ ഭൗതിക പരിശോധന നടത്തി മഹസർ തയ്യാറാക്കിയിട്ടുണ്ട്). വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം നം. | പ്രവൃത്തിയിനം | അളവ്, തുക |
|---|---|---|
| 23 | Supplying & fixing 25mm PVC pipe including jointing all specials with solvent cement etc. | 1X10m=10m@34/m=340 |

| | | |
|---|---|---|
| 24 | -do- 32mm PVC pipe including jointing etc. | 1X15m=15m@47/m=705 |
| 25 | -do- PVC ball suitable for 32mm ball valve | 1 no. @102/no. =102 |
| 26 | -do- 50mm PVC pipe for waste water & rain water collection | 9.5m @60/m =570 |
| 27 | -do- 110mm PVC pipe | 1X11.5m=11.5m@307/m= 3530.50 |
| 28 | -do- 63mm PVC Vent cap with mosquito proof arrangement | 2 nos.@39/no.= 78 |
| 29 | -do- 63mm PVC pipe | 2X2m=4m@62/m=248 |
| 30 | -do- 110X63mm PVC reducer | 2nos.@98/no.=196 |

| | | |
|---|---|---|
| | | |
| 31 | -do- 110mm PVC Tee with solvent cement | 2nos.@237/no.=474 |
| 32 | -do- stainless steel butt hinges 75X47X1.8mm | 4nos.@207/10no.=82.80 |

എന്നാൽ, താഴെ പറയുന്ന ഫിറ്റിംഗ്സുകൾ മാത്രമാണ് കാണാൻ കഴിയുന്നത്. യാതൊരു കണക്ഷനുമില്ലാതെ ഏതാനും PVC പൈപ്പുകളും ഫിറ്റിംഗ്സും മാത്രമാണുള്ളത്.

| | |
|---|---|
| 1. | Supplying & fixing 110mm PVC pipe - 6m |
| 2. | -do- 25mm PVC pipe - 3m |
| 3. | -do- 63mm PVC Vent Cap – 1no. |
| 4. | -do- 63mm PVC bent – 2nos. |
| 5. | -do- 56mm PVC Tee – 2nos. |
| 6. | -do- 110mm PVC Tee – 1no. |
| 7. | -do- 110X63mm PVC reducer – 1no. |

| | |
|---|---|
| 8. | -do- 63mm PVC end cap – 1no. |
| 9. | -do- 63mm PVC Y-type bent -2nos. |

എസ്റ്റിമേറ്റ് പ്രകാരവും എം.ബുക്കിൽ രേഖപ്പെടുത്തിയ പ്രകാരവും വർക്ക് ചെയ്യിട്ടില്ലെങ്കിലും അസി.എഞ്ചിനീയറും അസി.എക്സി.എഞ്ചിനീയറും എം.ബുക്കിൽ മെഷർമെന്റ് സാക്ഷ്യപ്പെടുത്തിയത് നിരുത്തരവാദപരമായ വസ്തുതയാണ്. പ്രവൃത്തി നടത്താതെ തുക ചെലവഴിക്കാനുള്ള പ്രവണതയുള്ള സാഹചര്യത്തിൽ പഞ്ചായത്തിലെ മരാമത്തു പ്രവൃത്തികളെ സംബന്ധിച്ച് വിശദമായ ഉന്നത തല സാങ്കേതിക അന്വേഷണം ഉണ്ടാകേണ്ടത് അനിവാര്യമാണ്.

<u>അലൂമിനിയം റൂഫിംഗിന് അധിക നിരക്ക് അനുവദിച്ചു</u>

പ്രവൃത്തിയുടെ 15-ാം ഇനമായി അലൂമിനിയം ഷീറ്റ് റൂഫിംഗ് നടത്തിയിട്ടുണ്ട്. 10165രൂപ/10m2 എന്ന നിരക്കാണ് അനുവദിച്ചിരിക്കുന്നത്. 6895/10m2 എന്ന നിരക്ക് മാത്രമാണ് അനുവദിക്കാവുന്നത്.(അംഗൻവാടി മെയിന്റനൻസ് -അപാകതകൾ എന്ന ഖണ്ഡിക കാണുക). 28.15m2 റുഫിംഗ് നടത്തിയതിന് 28644.97രൂപ കരാറുകാരന് അനുവദിച്ചു. 19409.42രൂപ മാത്രമാണ് അനുവദനീയം. 9236രൂപ അധികം നൽകി. ആയത് കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 3-5 ഐവേലിപ്പടി പനയ്ക്കത്തടം റോഡ് റീടാറിംഗ്- അനുബന്ധ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊ.നം. | S.088/16 |
| കരാറുകാരൻ | ജോസഫ് തോമസ്, കൊടിയൂർ |
| ചെലവു വിവരം | 1.ബിൽ നം.35/24.2.16-രൂ.22295<br>2.ബിൽ നം.36/24.2.16-രൂ.7687<br>3.ബിൽ നം.37/24.2.16-<u>രൂ.217960</u><br>ആകെ- 247942 |

| | | |
|---|---|---|
| | | |

പ്രസ്തുത പ്രവൃത്തിയുടെ ഫയൽ ഓഡിറ്റിൽ ഹാജരാക്കിയെങ്കിലും എം.ബുക്കും വർക്ക് ബില്ലും ഫയലിനോടൊപ്പം ഓഡിറ്റിൽ ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം.24/1.11.16-ന് മറുപടി ലഭ്യമാക്കിയില്ല). ആയതിനാൽ ചെലവ് നിരാകരിക്കുന്നു.

## 3-6 വ്യാജബില്ലുകൾ ഹാജരാക്കി തുക കൈപ്പറ്റുന്നു

ഗുണഭോക്തൃസമിതികൾ മുഖേന നിർവ്വഹിക്കപ്പെടുന്ന മരാമത്തു പ്രവൃത്തികളിൽ കൺവീനർമാർ വ്യാജബില്ലുകൾ ഹാജരാക്കി പ്രതിഫലം കൈപ്പറ്റുന്നതായി ശ്രദ്ധയിൽ പെട്ടു.

(1) 'റജീസ് ഏജൻസീസ്, മാരാമൺ' -എന്ന പേരിലുള്ള ഒരു സ്ഥാപനത്തിൽ നിന്നും സിമന്റ് വാങ്ങിയതായി കാണിച്ച് പ്രസ്തുത സ്ഥാപനത്തിന്റെ എസ്റ്റിമേറ്റ് / ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തിയതും ഡി.റ്റി.പി എടുത്ത് വ്യാജമായി തയ്യാറാക്കിയതുമായ വൗച്ചറുകൾ ഫയലുകളിൽ കാണപ്പെട്ടു. പ്രസ്തുത സ്ഥാപനം ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിച്ചിരുന്ന സ്ഥാപനമല്ല എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി (എൻക്വയറി നം.23/1.11.16) ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇപ്രകാരം നിലവിലില്ലാത്ത സ്ഥാപനത്തിന്റെ പേരിൽ വ്യാജബില്ലുകൾ തയ്യാറാക്കി സമർപ്പിക്കുന്നത് ക്രിമിനൽ കുറ്റമാണ് എന്നത് സംഭവത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. ആയതു സംബന്ധിച്ച് വിശദമായ അന്വേഷണം ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു. 'റജീസ് ഏജൻസീസ്, മാരാമൺ' എന്ന സ്ഥാപനത്തിന്റെ പേരിലുള്ള വൗച്ചറുകൾ കാണപ്പെട്ട പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി / കൺവീനർ | ബിൽ നം./തീയതി, തുക | കാണിച്ചിരിക്കുന്ന സിമന്റിന്റെ അളവ്, തുക |
|---|---|---|---|
| 1 | S.041/16-ഓലിക്കൽ പടി പാമ്പയ്ക്കൽ പടി മരംകൊള്ളി എസ്.സി.കോളനി റോഡ് ഉദ്ധാരണം.<br><br>സുനിൽകുമാർ, മരംകൊള്ളിൽ | രൂ.775008 (ബിൽ തീയതി 30.3.15), രൂ.411564 (ബിൽ തീയതി 30.3.15), രൂ.251523 (ബിൽ നം.5/21.8.15) | 1200പായ്ക്കറ്റ് @450= 540000രൂപ |

| | | | |
|---|---|---|---|
| | | | |
| 2 | S.053/16-എണ്ണിക്കാട്ട് പടി ചാമക്കാലാ പടി റോഡ് കോൺക്രീറ്റിംഗ്.<br><br>പി.എം.മാത്യു, പാലോലിൽ | രൂ.289000 (ബിൽ നം.14/30.9.15) | 207പായ്ക്കറ്റ് @450= 93150രൂപ |
| 3 | S051/16-കുന്നത്തോത്തു പടി മുറ്റത്ര പടി (നെടിയകാലാ) റോഡ് കോൺക്രീറ്റിംഗ്.<br><br>ഗോപാലകൃഷ്ണൻ നായർ, തോമ്പിൽ | രൂ.293524 (ബിൽ നം.13/30.9.15) | 207പായ്ക്കറ്റ് @450= 93150രൂപ |
| 4 | S056/16-പീടികയിൽ പടി കൈതമംഗലത്ത് റോഡ് കോൺക്രീറ്റിംഗ്.<br><br>ജോൺസൺ.പി.ജെ, പീടികയിൽ | രൂ.132099 (ബിൽ നം.19/11.12.15) | 94പായ്ക്കറ്റ് @450= 42300രൂപ |
| 5 | S092/16-എം.ജി.മോഹൻദാസ് റോഡ് കോൺക്രീറ്റിംഗ്.<br><br>ജസി രാജു, കോളത്ര | രൂ.86922 (ബിൽ നം.21/11.12.15) | 71പായ്ക്കറ്റ് @450= 31950രൂപ |

| | | | |
|---|---|---|---|
| | | | |
| 6 | S0105/16-മ്യാലിൽ പടി അമ്പാട്ട് പടി റോഡ് കോൺക്രീറ്റിംഗ്.<br>റ്റി.റ്റി.ബേബി, ആനിക്കാട് തുണ്ടിയിൽ | രൂ.147780 (ബിൽ നം.15/30.9.15) | 104പായ്ക്കറ്റ് @450= 46800രൂപ |
| | | ആകെ | 847350രൂപ |

വ്യാജബില്ലുകളുടെ അടിസ്ഥാനത്തിൽ തുക നൽകിയിട്ടുള്ള സാഹചര്യത്തിൽ മേൽ പറഞ്ഞ തുകകൾ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വൗച്ചറുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടിയിരുന്ന അസി.എഞ്ചിനീയർ തന്റെ കർത്തവ്യത്തിൽ വീഴ്ച വരുത്തി. ആയതിനാൽ മേൽപറഞ്ഞ തുകകൾ അനുവദിച്ചു നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും പ്രസ്തുത തുകകൾ ഈടാക്കേണ്ടതാണ്.

(2) കൂടാതെ മിക്ക പ്രവൃത്തികളിലും വ്യാജ മസ്റ്റർറോളുകളാണ് ഹാജരാക്കിയിരിക്കുന്നത്. ഒരാൾ തന്നെ എഴുതി തയ്യാറാക്കിയ മസ്റ്റർറോളുകളിൽ തൊഴിലാളികൾ ഒപ്പു രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം മസ്റ്റർ റോൾ തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളുടെ പേരുകൾ താഴെ കൊടുക്കുന്നു.

1.വൈ.എം.സി.എ. കാവുങ്കൽ പടി റോഡ് കോൺക്രീറ്റിംഗ്.

2.എസ്.എൻ.ഡി.പി. കരിപ്പള്ളി റോഡ് കോൺക്രീറ്റിംഗ്.

3.പ്രമാടത്തുപാറ റോഡ് കോൺക്രീറ്റിംഗ്.

4.നെല്ലിമല കോളനി നടപ്പാത കോൺക്രീറ്റിംഗ്.

5.ചിറ്റേടത്തുപടി പൂവൻവാഴ പടി റോഡ് കോൺക്രീറ്റിംഗ്.

6.പറപ്പാട്ട് കൊട്ടിയാനി പടി റോഡ് കോൺക്രീറ്റിംഗ്.

7.കാവുപറമ്പ് പ്രമാടത്തുപാറ റോഡ് കോൺക്രീറ്റിംഗ്.

മസ്റ്റർറോളുകൾ അസി.എഞ്ചിനീയറോ ഓവർസിയറോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(3) വൗച്ചറുകളും മസ്റ്റർറോളുകളും ഹാജരാക്കാത്ത പ്രവൃത്തികളുമുണ്ട്. പഞ്ചായത്ത് ഓഫീസ് കെട്ടിടം ബാക്കി പണി (നം.S.038/16) എന്ന പ്രൊജക്ടിൽ ടി രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. എഗ്രിമെൻ്റുകൾ അപൂർണ്ണവുമാണ്. ആയതിനാൽ ബിൽ നം.4/16.7.15 പ്രകാരം ചെലവഴിച്ച 111895രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

മേൽപറഞ്ഞ സാഹചര്യത്തിൽ മരാമത്തു പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 3-7 ഭിന്നശേഷിയുള്ളവർക്ക് ട്രൈ സ്കൂട്ടർ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S00117/16 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 414000/- വികസനഫണ്ട് (ജനറൽ)-400000/- + തനത് ഫണ്ട്-14000/- |

ഈ പദ്ധതി പ്രകാരം ഭിന്നശേഷിയുള്ള ആറ് ഗുണഭോക്താക്കൾക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ നൽകിയിട്ടുണ്ട്. പ്രോജക്ട് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- വാഹനം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ശ്രീ.സണ്ണി ജേക്കബ് എന്ന വ്യക്തിയുടെ ഒഴികെ ബാക്കിയുള്ള ഗുണഭോക്താക്കളുടെ ഡ്രൈവിംഗ് ലൈസൻസിൻ്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
- ഭിന്നശേഷിയുള്ളവർക്ക് ഉപയോഗിക്കുന്നതനായി മാറ്റങ്ങൾ വരുത്തിയ വാഹനം ഇൻവലീഡ് കാര്യേജ് ആയാണ് രജിസ്റ്റർ ചെയ്യേണ്ടത്. ഇപ്രകാരമാണോ ഈ വാഹനങ്ങൾ രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് പരിശോധിച്ചുറപ്പുവെരുത്തുന്നതിന് ആർ.സി ബുക്കിൻ്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
- വാഹനങ്ങളുടെ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റിൻ്റെ കോപ്പി പരിശോധനക്ക് നൽകിയില്ല.

മേൽ പറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടിക്കൊണ്ട് നൽകിയ 8ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല.

ഭിന്നശേഷിയുള്ളവർക്കായി രൂപകൽപനയിൽ മാറ്റം വരുത്തിയ വാഹനങ്ങളുടെ രജിസ്ട്രേഷനും ഉപയോഗത്തിനും മോട്ടോർ വാഹന വകുപ്പ് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള വാഹനം ഉപയോഗിക്കുന്നവർക്ക് ഇൻവലീഡ് കാര്യേജ് ഓടിക്കുവാനുള്ള പ്രത്യേക ലൈസൻസാണ് നൽകുന്നത്. എന്നാൽ വാഹന രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ, ഉപയോഗിക്കുന്ന വ്യക്തികൾക്ക് നൽകിയിട്ടുള്ള ലൈസൻസിൻ്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാത്ത സാഹചര്യത്തിൽ വാഹനം നൽകിയ ഗുണഭോക്താക്കൾ ഇവ ഉപയോഗിക്കാൻ പ്രാപ്തരാണോയെന്നു വ്യക്തമല്ല. രൂപകൽപനയിൽ മാറ്റം വരുത്തിയ വിവരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ഗുണഭോക്താവിന് വാഹനം യഥേഷ്ടം കൈമാറ്റം ചെയ്യാവുന്നതാണ്. ഭാവിയിൽ ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ മേൽ അപാകതകൾ ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-8 അങ്കണവാടി പൂരക പോഷകാഹാര പദ്ധതി-സ്റ്റോക്ക് രജിസ്റ്റർ സംബന്ധിച്ച അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0023/16 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 1000000/- വികസനഫണ്ട് (ജനറൽ)-600000 + കേന്ദ്ര വിഹിതം-400000/- |

മേൽ പ്രോജക്ട് പ്രകാരം അങ്കണവാടികൾക്ക് വാങ്ങി വിതരണം ചെയ്ത ഭക്ഷണ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ സ്റ്റോക്കിലെടുത്ത സാധനങ്ങളുടെ അളവും ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവും തമ്മിൽ പ്രകടമായ വ്യതിയാനം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ബിൽ നമ്പരും തീയതിയും | ഇനം | ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവ് (കി.ഗ്രാം) | സ്റ്റോക്കിലെടുത്തിരിക്കുന്ന അളവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | 1690/22.06.2015 | ചെറുപയർ | 80 | 84 | 4 kg കൂടുതൽ |
| 2 | 1681/22.06.2015 | വെളിച്ചെണ്ണ | 20 | 23 | 3 kg കൂടുതൽ |
| 3 | 1681/22.06.2015 | റവ | 300 | 375 | 75 kgകൂടുതൽ |
| 4 | 1681/22.06.2015 | ഉഴുന്ന് | 40 | 17 | 23 kg കുറവ് |
| 5 | 1681/22.06.2015 | ശർക്കര | 51 | 50 | 1 kg കുറവ് |
| 6 | 1681/22.06.2015 | കപ്പലണ്ടി | 51 | 76 | 25 kg കൂടുതൽ |
| 7 | 1681/22.06.2015 | ചെറുപയർ | 100 | 185 | 85 kg കൂടുതൽ |
| 8 | 1694/30.09.2015 | റവ | 160 | 140 | 20 kg കുറവ് |
| 9 | 1694/30.09.2015 | ചെറുപയർ | 40 | 37 | 3 kg കുറവ് |

മേൽ സൂചിപ്പിച്ച വ്യതിയാനത്തിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ 130ം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (തീയതി-28.10.2016) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ നേരിട്ട് പരിശോധന വിധേയമാക്കിയപ്പോൾ സൂപ്പർവൈസർ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററുമായി വലിയ വ്യത്യാസം ശ്രദ്ധയിൽപ്പെട്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം& തീയതി | ഇനം | സൂപ്പർവൈസർ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത അളവ് | അങ്കണവാടിയുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കൈപ്പറ്റിയ അളവ് | സൂപ്പർവൈസർ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത അളവ് | അങ്കണവാടിയുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കൈപ്പറ്റിയ അളവ് | സൂപ്പർവൈസർ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത അളവ് | അങ്കണവാടിയുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കൈപ്പറ്റിയ അളവ് |
|---|---|---|---|---|---|---|---|
| | | | അങ്കണവാടി നം.93 | | അങ്കണവാടി നം.94 | | അങ്കണവാടി നം.95 |
| 1681/1.04.15 | റവ | 10 | 50 | 20 | 15 | 15 | 15 |
| | കപ്പലണ്ടി | 1 | 6 | 5 | 3 | 1 | 2 |
| 1690/22.6.15 | റവ | 15 | 5 | 15 | 5 | 25 | 15 |
| | പയർ | 4 | 2 | 2 | 3 | 5 | 5 |

ഭക്ഷണ സാധനങ്ങൾ സ്റ്റോക്കിലെടുത്തു വിതരണം നടത്തുന്നതിൽ തികഞ്ഞ അനാസ്ഥയാണ് സൂപ്പർവൈസറുടെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നതെന്നു വ്യക്തമാണ്. ആയതിനാൽ പൂരക പോഷകാഹാര പദ്ധതിക്കായി ബിൽ നം. 1/15-16, തീയതി.29.06.2015 പ്രകാരം ചെലവഴിച്ച 209908/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. അതോടൊപ്പംതന്നെ ഈ വിഷയം സംബന്ധിച്ച് തുടർ അന്വേഷണത്തിനും മേൽ നടപടികൾക്കും ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 3-9 സമഗ്ര പുരയിട കൃഷിക്കായി പിൻവലിച്ച തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചത്-ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരികെ അടച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0074/16 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 100000/- വികസനഫണ്ട് (ജനറൽ) |

ഈ പദ്ധതിക്കായി 100000/- രൂപ വികസനഫണ്ടിൽ നിന്നും ബിൽ നം.03/15-16 തീയതി.29.03.2016 പ്രകാരം പിൻവലിക്കുകയും കൃഷി ഓഫീസറുടെ പേരിൽ തോട്ടപ്പുഴശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ ഉള്ള അക്കൗണ്ടിൽ (A/C.No-1943) 25.04.16ൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി 15-16-ൽ നടപ്പിലാക്കുകയോ 16-17 ലേക്ക് സ്പിൽ ഓവറാക്കി അംഗീകാരം

വാങ്ങുകയോ ചെയ്തിട്ടില്ല. ഇത് ജി.ഒ (പി) 177/2006, സർക്കുലർ പ്രകാരം ധനാഗമം/ ധനവിനിയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ -സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മേൽ ഉത്തരവ്, ഖണ്ഡിക 6.1 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കരുതെന്ന് വ്യക്തമായ നിർദ്ദേശമുണ്ട്.

ഇപ്രകാരം പിൻവലിച്ച തുക ചെലവഴിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20, തീയതി.31.10.2016) മറുപടിയായി ഈ പദ്ധതിക്കായി 59 ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭിച്ചതനുസരിച്ച് മൂന്ന് പ്രാവശ്യം പോസ്റ്റ് കാർഡ് മുഖേന ആനുകൂല്യം കൈപ്പറ്റുന്നതിന് അറിയിപ്പു നൽകിയെങ്കിലും 6 കർഷകർ മാത്രമാണ് അവശ്യം വേണ്ട രേഖകളുമായി ഓഫീസിലെത്തിയതെന്ന് കൃഷി ഓഫീസർ മറുപടി നൽകി. എന്നാൽ ഈ കർഷകർ സമർപ്പിച്ച ബില്ലുകളുടേയും ആധികാരികത ഉറപ്പാക്കാൻ പറ്റാത്ത സാഹചര്യത്തിൽ ടി പദ്ധതി ഉപേക്ഷിക്കുവാൻ നിർബന്ധിതനാകുകയായിരുന്നു. എൻകയറിയെ തുടർന്ന് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന മേൽ തുക ട്രഷറി ബിൽ നം.S9.105 തീയതി.31.10.14 പ്രകാരം തിരികെ ഒടുക്കി.

## 3-10 എം.എൻ ലക്ഷം വീട് കോളനി- തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല

പഞ്ചായത്തിൽ 2009-10 വർഷമാണ് എം.എൻ ലക്ഷം വീട് നിർമ്മാണം പദ്ധതി ആവിഷ്കരിച്ചത്. ആയത് പ്രകാരം 21 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കാനാൻ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്.

2015-16 വർഷം വരെ പ്രസ്തുത പദ്ധതിയ്ക്ക് 1240000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (പദ്ധതി വിഹിതം- 615000/-, സംഭാവന- 150000/-, ഭവനനിർമ്മാണ ബോർഡ് വിഹിതം-475000/-) ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള നാല് ഗുണഭോക്താക്കൾക്കും 2015-16 വർഷം തുകയൊന്നും നൽകിയിട്ടില്ല. ഭവനനിർമ്മാണ ബോർഡിൽ നിന്നും ലഭിച്ച തുകയിൽ അവശേഷിക്കുന്ന 175000/- രൂപ തിരികെ ബോർഡിൽ ഒടുക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 തെരുവ് നായ്ക്കൾക്ക് സ്റ്ററിലൈസേഷൻ- തുക വിനിയോഗിച്ചതിന്റെ രേഖയില്ല

1.

1.

| | |
|---|---|
| *പദ്ധതി നം.* | *109/16* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *സെക്രട്ടറി* |
| *വകയിരുത്തിയ തുക* | *70000/- (വികസന ഫണ്ട്)* |
| *ചെലവഴിച്ച തുക* | *70000/-* |

| | |
|---|---|
| *ഡി.ഡി നം./ തീയതി* | *858993/18.2.16* |

തെരുവു നായ്ക്കളുടെ വർദ്ധനവ് തടയുന്നതിന് ആനിമൽ ബർത്ത് കൺട്രോൾ പരിപാടി നടപ്പിലാക്കുന്നതിന് ഭാഗമായി 70000/- രൂപ ജില്ലാ പഞ്ചായത്തിന് വിഹിതമായി നൽകിയിട്ടുണ്ട്. ഡി.ഡി.പി-യുടെ 23.12.2015-ലെ ജി2–5494/15-ാം നമ്പർ കത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ പദ്ധതി നടത്തിപ്പിന് നൽകിയ തുകയക്ക് നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം ലഭിയ്ക്കുന്നത് വരെ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-12 മീഡിയാശ്രീ- പദ്ധതി പ്രവർത്തനം നടത്തിയിട്ടില്ല

| | |
|---|---|
| *പദ്ധതി നം.* | *49/16* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *സെക്രട്ടറി* |
| *വകയിരുത്തിയ തുക* | *65000/- (വികസന ഫണ്ട്)* |
| *ചെലവഴിച്ച തുക* | *65000/-* |
| *ഡി.ഡി നം./ തീയതി* | *859546/28.3.16* |

കുടുംബശ്രീ സംസ്ഥാന മിഷന്റെ 'മീഡിയാശ്രീ' പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി 65000/- രൂപ പഞ്ചായത്തിന്റെ വിഹിതമായി നൽകിയിട്ടുണ്ട്. സ.ഉ(സാധാ) 3204/ തസ്വഭവ/5.12.2014 ഉത്തരവ് പ്രകാരമാണ് പ്രസ്തുത തുക നൽകിയത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും പഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല. പദ്ധതിയ്ക്ക് ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-12 മീഡിയാശ്രീ- പദ്ധതി പ്രവർത്തനം നടത്തിയിട്ടില്ല

| | |
|---|---|
| *പദ്ധതി നം.* | *49/16* |

| | |
|---|---|
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *സെക്രട്ടറി* |
| *വകയിരുത്തിയ തുക* | *65000/- (വികസന ഫണ്ട്)* |
| *ചെലവഴിച്ച തുക* | *65000/-* |
| *ഡി.ഡി നം./ തീയതി* | *859546/28.3.16* |

കുടുംബശ്രീ സംസ്ഥാന മിഷന്റെ 'മീഡിയാശ്രീ' പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി 65000/- രൂപ പഞ്ചായത്തിന്റെ വിഹിതമായി നൽകിയിട്ടുണ്ട്. സ.ഉ(സാധാ) 3204/ തസ്വഭവ/5.12.2014 ഉത്തരവ് പ്രകാരമാണ് പ്രസ്തുത തുക നൽകിയത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും പഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല. പദ്ധതിയ്ക്ക് ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-13 ഭവന നിർമ്മാണ പദ്ധതി - അടിയന്തിരമായി പൂർത്തിയാക്കണം

| | |
|---|---|
| *പദ്ധതി നം.* | *44/16 (സ്പില്ലോവർ)* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ* |
| *വകയിരുത്തിയ തുക* | *240000/- (വികസന ഫണ്ട്- SCP)* |
| *ചെലവഴിച്ച തുക* | *160000/-* |
| *ബിൽ നം./ തീയതി* | *2/15-16/15.6.15 – 120000/-* |

| | |
|---|---|
| | *3/15-16/15.6.15 – 40000/-* |

പ്രസ്തുത പദ്ധതിയിലെ 2015-16-ലെ ഗുണഭോക്താവായ ശ്രീമതി കെ കെ പൊന്നമ്മ, കണ്ണമ്പാറ, കോളഭാഗം പി.ഒ (വാർഡ്- II) എന്ന വ്യക്തിയ്ക്ക് ഓഡിറ്റ് വർഷം പദ്ധതിയിൽ നിന്നും ആനുകൂല്യം ഒന്നും തന്നെ നൽകിയിട്ടില്ല. മുൻ വർഷം ആനുകൂല്യം നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു-

| *ക്രമ നം.* | *നൽകിയ തുക* | *ബിൽ നം./ തീയതി* |
|---|---|---|
| 1 | 40000/- | 13/14-15/11.3.15 |
| 2 | 80000/- | 18/14-15/26.3.15 |
| | **120000/-** | |

ടിയാൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/31.10.16) അടിത്തറ നിർമ്മിച്ചിട്ടുണ്ടെന്നും സാമ്പത്തിക ബുദ്ധിമുട്ട് മൂലമാണ് ബാക്കി പണി പൂർത്തീകരിക്കാത്തത് എന്ന് ഗുണഭോക്താവ് അറിയിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ തുക (80000/- രൂപ) 2016-17-ൽ സ്പില്ലോവർ പദ്ധതിയായി (115/17) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ വീട് പണി അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം തുക പലിശ സഹിതം തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 എസ്.എസ്.എ പദ്ധതിയ്ക്ക് വർഷാവർഷം തുക നൽകുന്നതിൽ മാത്രം പരിമിതപ്പെടുന്നു

6മുതൽ 14വയസ്സിനിടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സർവ്വ ശിക്ഷാ അഭിയാൻ. എസ്.എസ്.എ-യുടെ ജില്ലാ പ്രൊജക്ട് ഓഫീസർ തയ്യാറാക്കുന്ന വാർഷിക ബഡ്ജറ്റിൽ നിന്നും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായ 35 ശതമാനം തുക വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പദ്ധതിയ്ക്ക് ഓഡിറ്റ് വർഷം 100000/- രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. (ട്രഷറി ബിൽ നം.14/15-16/11.12.15) നിർബന്ധിത പദ്ധതി എന്ന നിലയിൽ എല്ലാ വർഷവും ഈ പദ്ധതി നടപ്പിലാക്കുന്നു എന്ന മാത്രമാണ് പഞ്ചായത്തിന്റെ ചുമതല. വ്യക്തമായ ഒരു കർമ്മ പദ്ധതി തയ്യാറാക്കാതെയാണ് തുക ചെലവഴിക്കുന്നത്. തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ സർക്കാർ എൽ.പി, യു.പി വിദ്യാലയങ്ങൾ ഇല്ല. എസ്.എസ്.എ വിഹിതമായി

പഞ്ചായത്ത് നൽകുന്ന തുക സ്വകാര്യ എയഡഡ് സ്കൂളുകളിലേക്കാണ് ചെലവഴിക്കപ്പെടുന്നത്. പഞ്ചായത്ത് ഭരണസമിതിയോ ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതിയോ എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തിൽ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നില്ല.

ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ (ഏതെല്ലാം ഘടകങ്ങൾക്കാണ് തുക വിനിയോഗിച്ചത്) ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിശദമായ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-15 ചെലവിനാധാരമായ രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ ചുവടെ പറയുന്ന പദ്ധതികളുടെ ചെലവിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. *(ട്രഷറിയിൽ നൽകിയ ബില്ലുകളുടെ പകർപ്പ് മാത്രമേ ഹാജരാക്കിയിട്ടുള്ളൂ).*

വിശദാംശങ്ങൾ താഴെ ചേർക്കുന്നു-

| *ക്രമ നം.* | *പദ്ധതി/ പദ്ധതി നം.* | *തൻവർഷത്തെ ആകെ ചെലവ്* | *രേഖകൾ ഹാജരാക്കാത്ത ചെലവ്* | *ബിൽ നം./ തീയതി* |
|---|---|---|---|---|
| 1 | ഭവന പുനരുദ്ധാരണം (ജനറൽ) 79/16 | 180000/- | 45000/- | 10/16/30.3.2016 |
| | | | 45000/- | 13/16/30.3.2016 |
| 2 | ഭവന പുനരുദ്ധാരണം (SCP) 30/16 | 400000/- | 162000/- | 11/16/30.3.2016 |
| | | | 163000/- | 14/16/30.3.2016 |
| | **ആകെ** | | **415000/-** | |

ഈ വിഷയത്തിൽ എൻക്വയറി നൽകുകയും (6/26.10.16) സമ്മൻസ് നൽകുകയും (31.10.16) ചെയ്തെങ്കിലും രേഖകൾ ഹാജരാക്കിയില്ല. പ്രസ്തുത തുകകൾ ചെലവഴിച്ച വി.ഇ.ഓ (ശ്രീ. ഫിന്നി കെ രാജു) രേഖകളും ചാർജ്ജും കൈമാറിത്തന്നിട്ടില്ല എന്നാണ് നിലവിലുള്ള വി.ഇ.ഓ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി അറിയിച്ചിട്ടുള്ളത്. ആയതിനാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ സെക്ഷൻ 12(2)(1), 12(2)(2) എന്നിവ പ്രകാരം, ചെലവായ 415000/- രൂപ നിരാകരിക്കുന്നു.

## 3-16 ഇ.എം.എസ് ഭവന പദ്ധതി - അപാകതകൾ

**(എ) <u>വീട് പണി പൂർത്തീകരിച്ചിട്ടില്ല</u>**

2009-10 സാമ്പത്തിക വർഷമാണ് ഇ.എം.എസ് പദ്ധതി നടപ്പിലാക്കിയത്. കരാറിലേർപ്പെട്ട 74 ഗുണഭോക്താക്കളിൽ 71 പേര് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 3 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| *ക്രമ നം.* | *പേരും മേൽവിലാസവും* | *നൽകിയ തുക* | *വീടിന്റെ നിലവിലെ അവസ്ഥ* |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശമുവൽ ജോർജ്ജ്,<br>ചരിവ്പുരയിടത്തിൽ, കുറിയന്നൂർ | 67500/- | കതക് ഇടുകയോ വൈദ്യൂതികരിക്കുകയോ ചെയ്തിട്ടില്ല. |
| 2 | മാത്യൂ എം ജെ,<br>മേമന, കോളഭാഗം പി ഒ | 67500/- | മേൽകൂരയുടെ നിർമ്മാണം പൂർത്തീകരിക്കുകയോ വൈദ്യൂതികരിക്കുകയോ ചെയ്തിട്ടില്ല. |
| 3 | ജോൺ എബ്രഹാം,<br>നിരവിൽ കോളനി, കുറിയന്നൂർ | 67500/- | ലിന്റൽ ലെവൽ വരെ മാത്രമേ പണി പൂർത്തീകരിച്ചിട്ടുള്ളൂ. |

ഇ.എം.എസ് ഭവന പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് അവശേഷിക്കുന്ന തുക നൽകാൻ കഴിയില്ല. ഈ സാഹചര്യത്തിൽ നൽകിയ തുക തിരികെ ഈടാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ബി) <u>ചെലവഴിക്കാത്ത തുക ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു</u>**

2009-10 സാമ്പത്തിക വർഷം ആവിഷ്ക്കരിച്ച ഇ.എം.എസ് ഭവന പദ്ധതി (നം. 107/10) പ്രകാരം 307875/- രൂപ ട്രഷറി ബിൽ നം. 12/09-10/30.3.10 മാറുകയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും പേരിൽ തോട്ടുപ്പുഴശ്ശേരി റീജണൽ സഹകരണ ബാങ്കിലെ 1762-ാം നമ്പർ അക്കൗണ്ടിൽ 21.4.2010-ൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ മുൻകൂട്ടി വികസന ഫണ്ട് പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിച്ചത് ധനവിനിയോഗ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. (ജി.ഒ(പി)177/2016/ഫിൻ. തീയതി 25.3.2006). പലിശയുൾപ്പെടെ 31.3.2016-ൽ അവശേഷിക്കുന്ന 348140/- രൂപ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-17 വിനിയോഗ രേഖയുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 8.6.2015-ലെ സ.ഉ(സാധാ.) 188/2015-ാം നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചാത്തുകളിലെ പെർഫോമൻസ് ഓഡിറ്റ് സംവിധാനം നവീകരിക്കുന്നതിന്റെ ഭാഗമായി ഓരോ പെർഫോമൻസ് യൂണിറ്റിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ എല്ലാ വർഷവും 10000/- രൂപ തനത് ഫണ്ടിൽ നിന്നും നീക്കിവെയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൽ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും 10000/- രൂപ ഡി.ഡി നം. 858762/6.2.16 പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത തുകയ്ക്ക് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകണമെന്ന ഉത്തരവിലെ നിബന്ധന പാലിച്ചിട്ടില്ല. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നത് വരെ ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-18 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ - ചെലവിന് സുതാര്യതയില്ല

| | |
|---|---|
| പദ്ധതി നം. | 16/16 (സ്പില്ലോവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | 200000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br><br>200000/- (മറ്റുള്ളവ) |
| ചെലവഴിച്ച തുക | 173360/- |
| ബിൽ നം./ തീയതി | 12/15-16/ 28.9.15 |

പ്രസ്തുത പദ്ധതിയ്ക്ക് 173360/- രൂപ കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്യുകയും ആയത് പൂർണ്ണമായി വിനിയോഗിച്ചതായി വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. 3 ലൈൻ എക്സ്റ്റൻഷൻ പദ്ധതികൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചതായി കാണിച്ചിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു-

| ക്രമ നം. | പദ്ധതിയുടെ പേര് | തുക | ഡി.ഡി നം./ തീയതി |
|---|---|---|---|
| 1 | കർമ്മേൽ- ചേന്നമല റോഡ് ലൈൻ എക്സ്റ്റൻഷൻ | 132000/- | 857629/29.9.15 |
| 2 | മാവുങ്കൽ-ശാലോം പള്ളിപ്പടി റോഡ് ലൈൻ എക്സ്റ്റൻഷൻ | 26400/- | 857630/29.9.15 |
| 3 | ചക്കിട്ട-കാക്കുറുമ്പിൽ ഭാഗം ലൈൻ എക്സ്റ്റൻഷൻ | 14960/- | 857631/29.9.15 |
| | | **173360/-** | |

പ്രസ്തുത പദ്ധതികൾക്ക് തുക നിക്ഷേപിച്ചതിനാധാരമായ എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ഇ.ബി-യിൽ നിന്നുമുള്ള കത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തുക നിക്ഷേപിച്ചിട്ടുള്ളത്. മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ ബില്ലുകളുടെ (പ്രവൃത്തിയുടെ ഓരോ ഇനം, അളവ്, ചെലവായ തുക എന്നിവ രേഖപ്പെടുത്തിയ) പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കാതെ സാഹചര്യത്തിൽ തുക വിനിയോഗിച്ചതിന്റെ സുതാര്യത ഓഡിറ്റിന് ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ചെവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-19 വെള്ളക്കരം അനിയന്ത്രിതമായി കൂടുന്നു- പഞ്ചായത്തിന് ബാദ്ധ്യത

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം പ്രതിമാസം 103688/- രൂപയാണ്. (10/16-ലെ ഡിമാന്റ് പ്രകാരം). ലഭ്യമാക്കിയ ബിൽ പ്രകാരം പഞ്ചായത്തിൽ 237 പൊതു ടാപ്പുകളാണുള്ളത്. 9/2015 മുതൽ പഞ്ചായത്ത് പ്രതിമാസം വെള്ളക്കരം ഒടുക്ക് വരുത്തുന്നില്ല. ഇത് കാരണം പഞ്ചായത്തിന്റെ ഈയിനത്തിലുള്ള കുടിശ്ശിക 3823393/- രൂപയും പിഴ പലിശ 69080/-

രൂപയുമാണ്. പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി 11/2011, 11/2014 എന്നീ മാസങ്ങളിൽ സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിലും ടാപ്പുകളുടെ എണ്ണത്തിൽ വാട്ടർ അതോറിറ്റിയും പഞ്ചായത്തും തമ്മിൽ പൊരുത്തക്കേട് നിലനിൽക്കുന്നുണ്ട്.(*പഞ്ചായത്തിന്റെ കണക്ക് പ്രകാരം 147 പൊതുടാപ്പുകളാണുള്ളത്*) മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും ഈ വിഷയത്തെ സംബന്ധിച്ച് വിശദമായ നിരീക്ഷണം നടത്തിയിട്ടുണ്ട്, എന്നാലും പ്രസ്തുത വിഷയത്തിൽ ഒരു പുരോഗതിയും ഉണ്ടായിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിരമായി പരിഹാരമുണ്ടാകാത്ത പക്ഷം കുടിശ്ശിക തുക അനിയന്ത്രിതമായി കൂടുകയും പഞ്ചായത്തിനെ വൻ സാമ്പത്തിക ബാദ്ധ്യതയിലേക്ക് നയിക്കാൻ സാദ്ധ്യതയുണ്ട്.

പന്ത്രണ്ടാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ജി.ഒ(എം.എസ്) 362/13/തസ്വഭവ/16.11.13 പ്രകാരം പൊതുടാപ്പുകളുള്ള കുടിവെള്ളപദ്ധതികളേക്കാൾ സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണം എന്നും, ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതും അപ്രകാരം ചെയ്തശേഷം ആ പ്രദേശത്തെ പൊതുടാപ്പുകൾ നിർത്തലാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗാർഹിക കണക്ഷൻ പ്രാധാന്യം നൽകി, പഞ്ചായത്തിന് ഉണ്ടാകുന്ന ദൈനംദിന ചെലവുകൾ കുറച്ചുകൊണ്ടുവരേണ്ടതും അതുവഴി പഞ്ചായത്തിന്റെ തനത് വരുമാനത്തിന്റെ ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

## 3-20 മരംകൊള്ളിൽ എസ്.സി കോളനി എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റിന് എ.എം.സി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| *പദ്ധതി നം.* | *85/16 (സ്പില്ലോവർ)* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *സെക്രട്ടറി* |
| *വകയിരുത്തിയ തുക* | *70000/- (വികസന ഫണ്ട്- SCP)* |
| *ചെലവഴിച്ച തുക* | *69725/-* |
| *ബിൽ നം./ തീയതി* | *40/15-16/ 31.3.16* |

പ്രസ്തുത പദ്ധതിയ്ക്ക് കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് 69725/- രൂപ ഡി.ഡി നം. 859998/2.4.16 പ്രകാരം നൽകിയിട്ടുണ്ട്. സ.ഉ(സാധാ) 2134/2015/തസ്വഭവ/ 15.7.2015 ഉത്തരവ് പ്രകാരം എൽ.ഇ.ഡി ലാമ്പുകളുടെ പരിപാലനം യുണൈറ്റഡ് ഇലക്ട്രിക്കൽസിന് ഏല്പിച്ചിട്ടില്ല. എത്രയെണ്ണം എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾക്കാണ് AMC തുക നൽകിയത് എന്ന് രേഖകളിൽ നിന്നും വ്യക്തമല്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/28.11.16) മറുപടിയായി പഞ്ചായത്ത് പ്രസ്തുത

സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകുകയും, എന്നാൽ പഞ്ചായത്തുമായി കരാറിലേർപ്പെടാൻ സ്ഥാപനം തയ്യാറാകാത്ത സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച ഡി.ഡി കൈമാറിയില്ല. ഈ ഡി.ഡി ക്യാൻസൽ ചെയ്യുകയും ആർ.ഒ.പിയായി 3064-00-911-ആർ.ഒ.പി എന്ന ഹെഡ്ഡിൽ ചെലാൻ നമ്പർ 72/3.11.16 പ്രകാരം തിരിച്ചടിച്ചിട്ടുണ്ട്.

## 3-21 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - ചെലവ് നിയന്ത്രണത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം 58958/- രൂപയാണ് പഞ്ചായത്ത് ഒടുക്കുന്നത്. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം 31.12.2014-നകം ഏർപ്പെടുത്താതത് മൂലം കെ.എസ്.ഇ.ബി-യിൽ നിന്നും ലഭിക്കുമായിരുന്ന 50% സബ്സിഡി അനുകൂല്യം പഞ്ചായത്ത് പ്രയോജനപ്പെടുത്തിയിട്ടില്ല. (BO(FM)(Genl)No-1947/12 (Comml-II/Streetlight/12-13)Tvpm dtd. 19.10.2012) 2016-17 വർഷം പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട് എന്ന് പഞ്ചായത്തധികൃതർ അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ വിവിധയിനം ബൾബുകളുടെ എണ്ണം, തരം, സ്ഥാപിച്ച പോസ്റ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. തന്മൂലം വൈദ്യുതി ചാർജ്ജ് നിർണ്ണയത്തിന്റെ കൃത്യത ഉറപ്പുവരുത്താൻ സാദ്ധ്യമല്ല.

## 3-22 ആശ്രയ പദ്ധതി - അവലോകനം

*<u>ഒന്നാം ഘട്ടം</u>*

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ഒന്നാം ഘട്ട ആശ്രയ പദ്ധതി പൂർണ്ണമായും ഭക്ഷണ വിതരണത്തിൽ മാത്രമായി ഒതുങ്ങി.ഗ്രാമപഞ്ചായത്തിലെ ആശ്രയ പദ്ധതിയിൽ 59 കുടുംബങ്ങളാണ് ഉള്ളത്. 3951135/-രൂപ അടങ്കലുള്ള ആദ്യഘട്ട ആശ്രയ പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നു. ആശ്രയ പദ്ധതിയുടെ ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

| *ക്രമ നം* | *ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *വകയിരുത്തിയ തുക* | *ചെലവ് തുക* |
|---|---|---|---|---|
| 1 | ഭവന പുനരുദ്ധാരണം | 22 | 220000 | 197500 |
| 2 | ഭവന നിർമ്മാണം | 16 | 2000000 | 158750 |
| 2 | കിണർ / കുടിവെള്ളം | 15 | 90000 | |

| | | | | |
|---|---|---|---|---|
| 3 | കക്കൂസ് നിർമ്മാണം | 25 | 75000 | |
| 4 | വൈദ്യുതി | 9 | 18000 | |
| 5 | വസ്ത്രം | 9 | 9000 | |
| 6 | നൈപുണ്യ വികസന പരിശീലനം | 14 | 47000 | |
| 7 | ചെറുകിട വ്യവസായം | 14 | 200000 | |
| 8 | ഭൂമി വാങ്ങൽ | 9 | 675000 | |
| 9 | ചികിത്സ | 47 | 239000 | 120000 |
| 10 | വിദ്യാഭ്യാസ സഹായം | 13 | 63000 | |
| 11 | ഭക്ഷണം | 59 | 166135 | 283712 |
| 12 | പെൻഷനുകൾ | 19 | 57000 | |
| 13 | പദ്ധതി നിർവ്വഹണ ചെലവ് | | 5000 | 13666 |
| 14 | മറ്റു ഇനങ്ങൾ | | 87000 | |

| | | | | |
|---|---|---|---|---|
| 15 | ആകെ | | **3951135** | **773628** |

*<u>രണ്ടാം ഘട്ടം</u>*

10070890/- രൂപ അടങ്കലുള്ള രണ്ടാം ഘട്ട ആശ്രയ പദ്ധതിയ്ക്ക് സ.ഉ(സാധാ.) 2891/13/ത.സ്വ.ഭ.വ തീതയി 26.11.2013 പ്രകാരം അംഗീകാരം ലഭിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| വർഷം | വകയിരുത്തിയ തുക | | | ചെലവഴിച്ച തുക | | |
|---|---|---|---|---|---|---|
| | വികസന ഫണ്ട് | ചലഞ്ച് ഫണ്ട് | ആകെ | വികസന ഫണ്ട് | ചലഞ്ച് ഫണ്ട് | ആകെ |
| 2013-14 | 1787600 | 720660 | 2508260 | - | - | - |
| 2014-15 | 3153000 | 705660 | 3858660 | 200000 | 297133 | |
| 2015-16 | 3590380 | 113680 | 3704060 | 100000 | - | |
| **ആകെ** | **8530980** | **1540000** | **10070980** | **300000** | **297133** | **597133** |

പ്രസ്തുത പദ്ധതി പ്രകാരം വിവിധ ഇനങ്ങൾക്കായി വകയിരുത്തിയ തുകയും നാളിതുവരെയുള്ള ചെലവും (31.3.2016 വരെ) പരിശോധിക്കുമ്പോൾ ഭൂരിപക്ഷം ചെലവും ഭക്ഷണ വിതരണം നടത്തുന്നതാണ് എന്ന് വ്യക്തമാകുന്നു,

| ക്രമ നം. | ഇനം | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|---|---|
| | | | വികസന ഫണ്ട് | ചലഞ്ച് ഫണ്ട് | വികസന ഫണ്ട് | ചലഞ്ച് ഫണ്ട് |
| 1 | ഭക്ഷണം | 82 | 292380 | 816000 | | 272133 |
| 2 | ചികിത്സ | 81 | 300000 | 648600 | | |
| 3 | വസ്തു വാങ്ങൽ | 3 | 225000 | - | | |
| 4 | ഭവന നിർമ്മാണം | 18 | 3600000 | - | | |
| 5 | ഭവന പുനരുദ്ധാരണം | 55 | 1375000 | - | 300000 | |
| 6 | കുടിവെള്ളം | 53 | 795000 | - | | |
| 7 | കക്കൂസ് | 67 | 536000 | - | | |

| | | | | | | |
|---|---|---|---|---|---|---|
| 8 | വിദ്യാഭ്യാസം | 10 | - | 30000 | | 10000 |
| 9 | പെൻഷൻ | 38 | 957600 | - | | |
| 10 | തൊഴിൽ | 18 | 450000 | - | | |
| 10 | പദ്ധതി തയ്യാറാക്കൽ | | | 15000 | | 15000 |
| 11 | നിർവ്വഹണം/ മോണിട്ടറിംഗ് | | | 15000 | | |
| 12 | റിസർവ് ഫണ്ട് | | | 15400 | | |
| | ***ആകെ*** | | **8530980** | **1540000** | **300000** | **297133** |

ചലഞ്ച് ഫണ്ടിനത്തിൽ ചികിത്സ ധനസഹായത്തിനായി ലഭിച്ച 216200/- നാളിതുവരെ ചെലവഴിച്ചിട്ടില്ല. പദ്ധതിയുടെ പലിശ നീക്കിയിരിപ്പായ 509564/- രൂപയിൽ നിന്നും 270125/- രൂപ ഭക്ഷണത്തിനും 10000/- രൂപ വിദ്യാഭ്യാസത്തിനും ചെലവഴിച്ചിട്ടുണ്ട്.

ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം മോണിറ്ററിംഗ് സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം മോണിറ്ററിംഗ് സമിതി വിലയിരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷയായ സമിതിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ , ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി ,സി.ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ആശ്രയയുടെ ചുമതലയുള്ള സി.ഡി.എസ് അംഗം, രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവരായിരിക്കണം മോണിറ്ററിംഗ് സമിതി അംഗങ്ങൾ. സമിതി കൃത്യമായി കൂടുകയോ പദ്ധതി പ്രവർത്തനം വിലയിരുത്തുകയോ ചെയ്യുന്നില്ല.

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| *വിഹിതം നൽകിയ സ്ഥാപനം* | *തുക ലഭിച്ച വർഷം* | *ലഭിച്ച തുക* | *പ്രൊജക്ടിന്റെ പേര്* | *ചെലവ്* | *ബാലൻസ്* |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 75000/- | മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75000/- | - |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | വൗച്ചർ നം. 21500324/ 1.10.2015 | 173360/- | 173360/- | -. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| *വായ്പയുടെ പേര്/ ഉദ്ദേശ്യം* | *ഉത്തരവ് നമ്പർ/ തീയതി* | *വായ്പ തുക* | *വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക* | *തൻവർഷം തിരിച്ചടച്ച തുക* | | *വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക* |
|---|---|---|---|---|---|---|
| | | | | *മുതൽ* | *പലിശ* | |
| ഇ.എം.എസ് ഭവന പദ്ധതി | 563/2010 തീയതി 22.2.10 | 7476000/- | 2702181/- | 2702181/- | - | - |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷങ്ങളിൽ സ്ഥിരനിക്ഷേപമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *റിപ്പോർട്ട് വർഷം* | *ഭാഗം/ ഖണ്ഡിക* | *ഈടാക്കിയ തുക* | *ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും* | *രശീത് നമ്പർ/ തിയതി* |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| ഇല്ല | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| *ഓഡിറ്റ് വർഷം* | *ഖണ്ഡിക* | *സമാഹൃത റിപ്പോർട്ട് വർഷം* | *ഖണ്ഡിക* | *വിഷയം* | *ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|---|
| 2012-13 | | | 3.4.5 | തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് | ഖണ്ഡികകൾ നിലനിൽക്കുന്നു. |
| | | | 2.4 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരങ്ങൾ</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [(മുന്നിരിപ്പ് തുക ഉൾപ്പടെ) റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 34429493 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31333293 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1724454/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1154163/- |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| *ഖണ്ഡിക നമ്പർ* | *നഷ്ടമായ തുക* | | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|---|
| | *ചാർജ് ചെയ്യാവുന്നവ* | *സർചാർജ് ചെയ്യാവുന്നവ* | |
| | | | |

| | | | |
|---|---|---|---|
| 3-1 | | 113935/- | ശ്രീ. പി സി രാഘവൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീമതി ബിന്ദു വേലായുധൻ, അസി. എക്സി. എഞ്ചിനീയർ<br>(തുല്യമായി) |
| 3-2 | | 78926/- | ശ്രീ. പി സി രാഘവൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീമതി ബിന്ദു വേലായുധൻ, അസി. എക്സി. എഞ്ചിനീയർ<br>(തുല്യമായി) |
| 3-3 | | 12065/- | ശ്രീ. പി സി രാഘവൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീമതി ബിന്ദു വേലായുധൻ, അസി. എക്സി. എഞ്ചിനീയർ<br>(തുല്യമായി) |
| 3-4 | | 9236/- | ശ്രീ. പി സി രാഘവൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീ. സാം മാത്യു, അസി. എക്സി. എഞ്ചിനീയർ<br>(തുല്യമായി) |
| 3-5 | | 247942/- | ശ്രീ. പി സി രാഘവൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 847350/- | ശ്രീ. പി സി രാഘവൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | | 415000/- | ശ്രീ. ഫിന്നി കെ രാജു, വി.ഇ.ഒ |
| | **ആകെ** | **1724454** | |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 111895/- | ശ്രീ. പി സി രാഘവൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 414000/- | ശ്രീമതി സൂസൻ മേരി എം കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-8 | 209908/- | ശ്രീമതി സൂസൻ മേരി എം കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-11 | 70000/- | ശ്രീ. പി ജെ രാജേഷ് കുമാർ, സെക്രട്ടറി |
| 3-12 | 65000/- | ശ്രീ. പി ജെ രാജേഷ് കുമാർ, സെക്രട്ടറി |
| 3-13 | 100000/- | ശ്രീ. പി കെ ജയൻ, സെക്രട്ടറി |
| 3-17 | 10000/- | ശ്രീ. പി ജെ രാജേഷ് കുമാർ, സെക്രട്ടറി |

| | | |
|---|---|---|
| 3-18 | 173360/- | ശ്രീ. മധുസൂദന പണിക്കർ, സെക്രട്ടറി |
| **ആകെ** | **1154163/-** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഖണ്ഡിക നം. 3-4, 3-6, 3-8

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി ജെ രാജേഷ് കുമാർ, സെക്രട്ടറി | സെക്രട്ടറി, തോട്ടപ്പുഴശ്ശേരി ഗ്രാ.പ | പടനിലത്ത് പുത്തൻവീട്, ഞക്കുനിലം പി.ഒ |
| ശ്രീ. പി കെ ജയൻ, സെക്രട്ടറി | അസി. സെക്രട്ടറി, ഇരവിപേരൂർ ഗ്രാ.പ | പുലിക്കല്ലം പറമ്പ്, ചാലാപ്പള്ളി പി.ഒ |
| ശ്രീ. മധുസൂദന പണിക്കർ, സെക്രട്ടറി | വിരമിച്ചു | വല്യത്ത് ഹൗസ്, കോറ്റാത്തൂർ പി.ഒ, അയിരൂർ |
| ശ്രീ. പി സി രാഘവൻ, AE | അസി. എഞ്ചിനീയർ, ഏറത്ത് ഗ്രാ.പ | വൈകുണ്ഠം, പുത്തനമ്പലം പി.ഒ,<br>ഐവർക്കാല, കടമ്പനാട് |
| ശ്രീമതി ബിന്ദു വേലായുധൻ,A.Ex.E | അസി. എക്സി. എഞ്ചിനീയർ, | പ്രസാദം, കവിയൂർ പി.ഒ, |

| | | |
|---|---|---|
| | കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | ഞാലീക്കണ്ടം |
| ശ്രീ. ഫിന്നി കെ രാജു, VEO | സസ്പെൻഷനിൽ | കൊച്ചുപറമ്പിൽ, കോമ്പാലിൽ, മഞ്ഞാടി പി.ഒ, തിരുവ്ലല |
| ശ്രീമതി സൂസൻ മേരി എം കെ, ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ,<br>തോട്ടപ്പുഴശ്ശേരി ഗ്രാ.പ | ജെ.എം.കെ മന്ദിരം, കല്ലട പി.ഒ, കൊല്ലം |
| ശ്രീ. സാം മാത്യു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി. എക്സി. എഞ്ചിനീയർ,<br>കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | ഗ്രേസ് കോട്ടേജ്, മഞ്ഞാടി പി.ഓ,<br>മീന്തലക്കര, തിരുവല്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| **ഓഡിറ്റ് വർഷം** | **ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം** |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി3/161/00 തീയതി 25.8.2000 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി7/260/09തീയതി 24.9.09/27.7.10 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി5/302/11തീയതി 3.6.11/13.9.12 | |
| 2007-08 – 2010-11 | എൽ.എഫ്.പി.റ്റി.എ-പി8/943/12തീയതി 16.12.11/10.5.13 | |

| | | |
|---|---|---|
| 2011-12 – 2012-13 | എൽ.എഫ്.പി.റ്റി.എ.പി8/684/14തീയതി 19.11.14/12.1.15 | |
| 2013-14 | എൽ.എഫ്.പി.റ്റി.എ.പി8/325/15 തീയതി 17.6.15/16.7.15 | |
| 2014-15 | എൽ.എഫ്.പി.റ്റി.എ.പി8/733/16 തീയതി 8.7.16 | |

1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

നം.കെ.എസ്.എ.പി.റ്റി.എ.പി6-1208/16 തീയതി 18.11.2016

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

No.KSAPTA.P6-1208/16 Dated 18.11.2016

**AUDIT CERTIFICATE**

Certified that I have Audited the Annual Financial Statement of Thottappuzhassery Grama Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thottappuzhassery Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Pathanamthitta